


# കളരി

വോള്യം : 45 പതിപ്പ് : 01

24 ഫെബ്രുവരി 2023

കേരള സർവകലാശാല കമ്യൂണിക്കേഷൻ & ജേണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം


# വരുന്നൂ, വിദേശ സർവകലാശാലകൾ

ആരതി രാജൻ

**ന്യൂഡൽഹി** : വിദേശ സർവകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തനാനുമതി നൽകുന്നതിനുള്ള കരട് നയരേഖ യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷൻ (യു.ജി.സി) പുറത്തിറക്കി.

നമ്മുടെ രാജ്യത്തെ വിദ്യാർഥികൾക്ക് മിതമായ ചെലവിൽ മികച്ച നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് യു.ജി.സി ചെയർമാൻ എം .ജഗദീഷ്കുമാർ വ്യക്തമാക്കി.


ഇതോടെ കേരളത്തിലും വിദേശ സർവകലാശാലകൾക്കായുള്ള വഴികൾ തുറക്കപ്പെടുകയാണ്.

നിലവിലുള്ള നയരേഖ പ്രകാരം യു.ജി.സിയുടെ അനുമതിയോടുകൂടി മാത്രമേ വിദേശ സർവകലാശാലകൾക്ക് ഇന്ത്യയിൽ ക്യാമ്പസുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ.

നിലവിൽ ഓൺലൈൻ വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് അനുമതി നൽകിയിട്ടില്ല. മുഴുവൻ സമയ കോഴ്സുകൾക്ക് മാത്രമാണ് തുടക്കത്തിൽ അനുമതി. ഒമ്പത് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനക്ഷമതയും നിലവാരവും വിലയിരുത്തി കരാർ പുതുക്കി നൽകാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

ആഗോളതലത്തിൽ ആദ്യത്തെ 500 സ്ഥാനങ്ങളിൽ തുടരുന്ന സർവകലാശാലകൾക്കും, അതത് രാജ്യങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന സർവ്വകലാശാലകൾക്കും മാത്രമേ കാമ്പസുകൾ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. സംവരണം ഉൾപ്പെടെയുള്ള ഇന്ത്യയിലെ പ്രവേശന മാനദണ്ഡങ്ങളിൽ പലതും വിദേശ സർവകലാശാലകൾക്ക് ബാധകമല്ല.

നിലവിലുള്ള സ്വകാര്യ സർവകലാശാലകളെപ്പോലെ വിദേശ സർവകലാശാലകൾ പ്രവേശനത്തിനു സംവരണം നടപ്പാക്കേണ്ടതില്ലെന്നും താൽപര്യമെങ്കിൽ ഫണ്ട് കണ്ടെത്തി ആവശ്യാനുസരണം വിദ്യാർഥികൾക്കു സ്കോളർഷിപ് ഏർപ്പെടുത്താമെന്നും കരട് മാർഗരേഖയിൽ



പറയുന്നു. സാമൂഹികനീതി എന്ന ആശയത്തിന് ഈ തീരുമാനം വിഘാതമാകാനുള്ള സാധ്യതകൾ ഏറെയാണ്. എന്നാൽ കോഴ്സ് ഘടന, ഫീസ് ഘടന, പഠനരീതി, അക്കാദമിക് നിലവാരം തുടങ്ങിയ വിഷയങ്ങളിൽ യു.ജി.സിയുടെ നിർദ്ദേശപ്രകാരമായിരിക്കും അന്തിമ തീരുമാനം ഉണ്ടാകുന്നത്.

മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ നടന്ന ഇടതുമുന്നണി യോഗത്തിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ നിക്ഷേപം അനുവദിക്കുന്നതിനുള്ള നിർദേശം അംഗീകരിച്ചിരുന്നു.

സ്വകാര്യപൊതുപങ്കാളിത്ത മാതൃകയിലും സ്വകാര്യമേഖലയിലെ നിക്ഷേപം ഉപയോഗിച്ചും സഹകരണമേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള നിർദ്ദേശത്തിന് യോഗം അംഗീകാരം നൽകിയതോടെ വിദേശ സർവകലാശാലകളും കൽപ്പിത സർവകലാശാലകളും സ്ഥാപിക്കപ്പെട്ടേക്കാം എന്ന നിലയിലുള്ള ചർച്ചകൾ ഉയർന്നു വന്നിരുന്നു. ഈ അനുമാനം ശരി വെയ്ക്കുന്നതാണ് യു.ജി.സി മാർഗ്ഗരേഖയുടെ ഉള്ളടക്കം.

എന്നിരുന്നാലും സ്ഥാപിക്കപ്പെടുന്ന സർവ്വകലാശാലകൾക്ക് മേൽ ഏർപ്പെടുത്താൻ കഴിയുന്ന നിയന്ത്രണങ്ങളുടെ സാധ്യതകളെ പറ്റി സർക്കാരും ഉന്നതവിദ്യാഭ്യാസ വകുപ്പും സംയുക്തമായി ആലോചിക്കുന്നുണ്ട്.

വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി കേന്ദ്ര സർക്കാർ പ്രത്യേക നിയമം കൊണ്ടുവരാത്തിടത്തോളം സർവകലാശാലകളുടെ പ്രവർത്തനത്തിൽ ആവശ്യമെന്ന് തോന്നുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയും എന്ന് തന്നെയാണ് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത്.

വിദേശ സർവകലാശാലകൾ ഇന്ത്യയിലേക്കു വരുന്നതോടെ വിദേശത്തു പോയി പഠിക്കാൻ സാമ്പത്തികശേഷിയില്ലാത്ത വിദ്യാർഥികൾക്കും മികച്ച ഉപരിപഠനം ഉറപ്പാക്കാൻ സാധിക്കുമെന്നാണ് യു.ജി.സി യുടെ വിലയിരുത്തൽ.

അതോടെ വിദേശ രാജ്യങ്ങളിലേക്ക് വിദ്യാർത്ഥികൾ കൂട്ടമായി പലായനം ചെയ്യുന്നത് നിയന്ത്രിക്കാമെന്നും കരുതുന്നു.

എന്നാൽ ഈ തീരുമാനം സാമ്പത്തികപരമായ ധ്രുവീകരണത്തിനും നിർധനരായ വിദ്യാർത്ഥികളോടുള്ള നീതിനിഷേധത്തിനും വഴി വെയ്ക്കുമോ എന്ന തരത്തിലുള്ള ആശങ്കകൾ നിലനിൽക്കുന്നുണ്ട്.

# ഇത് മാറ്റങ്ങളുടെ കാലം; രാജ്യത്തിന് മാതൃകയായി കേരളം

ഗൗരികൃഷ്ണൻ ബി

**തിരുവനന്തപുരം** : കേരളത്തിലെ കോളേജ് വിദ്യാർത്ഥിനികൾക്ക് ഇനിമുതൽ അറ്റൻഡൻസ് ഭയന്ന് നീറുന്ന വയറുമായി ക്ലാസ് മുറികളിൽ ഇരിക്കേണ്ടിവരില്ല.

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവകലാശാലകളിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും വിദ്യാർത്ഥിനികൾക്ക് ആർത്തവ അവധിയയും പ്രസവാവധിയും പ്രഖ്യാപിച്ച് വകുപ്പ് ഉത്തരവിറക്കി. 18 വയസ് കഴിഞ്ഞ വിദ്യാർത്ഥിനികൾക്ക് പരമാവധി 60 ദിവസം വരെയാണ് പ്രസവാവധി ലഭിക്കുക.

അതേസമയം ആർത്തവാവധിയുടെ ഭാഗമായി ഹാജർ പരിധിയിൽ ആകെ രണ്ട് ശതമാനം ഇളവുണ്ടാവും. അതായത് ഇനി മുതൽ പെൺകുട്ടികൾക്ക് സെമസ്റ്റർ പരീക്ഷയെഴുതാൻ 73 ശതമാനം ഹാജർ മതിയാകും.

സർവകലാശാല നിയമങ്ങളിൽ ഇത് സംബന്ധിച്ച മാറ്റങ്ങൾ വരുത്താൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു നിർദ്ദേശം നൽകി.

വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി നൽകാമെന്ന തീരുമാനം ആദ്യം കൈക്കൊണ്ടത് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) യാണ്. ഇതിന് പിന്നാലെ എല്ലാ സർവകലാശാലകളിലും ആർത്തവാവധി അനുവദിക്കണമെന്ന് യുവജന കമ്മീഷൻ ശിപാർശ ചെയ്തിരുന്നു.

ഈ സാഹചര്യത്തിലാണ് ആർത്തവാവധി സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയത്.

## ഒടുവിൽ വിജയം; സിദ്ദിഖ് കാപ്പൻ ജയിൽ മോചിതനായി

യദു എ വി

**ലഖ്നൗ** : രണ്ട് വർഷത്തെ നിയമപോരാട്ടത്തിനൊടുവിൽ ജയിൽ മോചിതനായി മലയാളി മാധ്യമപ്രവർത്തകൻ സിദ്ദിഖ് കാപ്പൻ. അറസ്റ്റിലായി 27 മാസത്തിന് ശേഷമാണ് അദ്ദേഹം പുറത്തിറങ്ങുന്നത്.

ഉത്തർപ്രദേശിലെ ഹത്രാസിൽ കൂട്ടബലാത്സംഗത്തിന് ഇരയായി കൊല്ലപ്പെട്ട ദളിത് പെൺകുട്ടിയുടെ വീട് സന്ദർശിക്കാനുള്ള യാത്രയ്ക്കിടെ യുഎപിഎ ചുമത്തിയാണ് കാപ്പനെ യു.പി. പോലീസ് അറസ്റ്റ് ചെയ്തത്.

പോപ്പുലർ ഫ്രണ്ടുമായി ബന്ധമുണ്ടെന്നും കലാപം സൃഷ്ടിക്കാനാണ് അദ്ദേഹം ഹത്രാസിക്കേ് പോയതെന്നുമായിരുന്നു പൊലീസിന്റെ വാദം. ഇത് കൂടാതെ ഇഡിയും കാപ്പന് മേൽ കേസ് ചുമത്തിയിരുന്നു. യുഎപിഎ കേസിൽ കഴിഞ്ഞ സെപ്തംബറിലും ഇഡി കേസിൽ ഡിസംബറിലും കാപ്പന് ജാമ്യം ലഭിച്ചിരുന്നു. ഇതോടെയാണ് മോചനത്തിന് വഴിയുണ്ടായത്.




പേജ് 02
അനന്തപുരിയുടെ നൈറ്റ് ലൈഫ്



പേജ് 04
മസ്കും മയൊണൈസും പിന്നൊരിടിത്തീയും



പേജ് 06
വിവാദങ്ങളുടെ മേള



പേജ് 08
പൂവാറിന്റെ പൊന്നോമനകൾ

# തലസ്ഥാനം ഉണരുന്നു രാത്രികളിലേക്ക്

## ‘നൈറ്റ് ലൈഫ്’ കളറാക്കാനൊരുങ്ങി തിരുവനന്തപുരം



**തിരുവനന്തപുരം:** രാത്രികാല വിനോദസഞ്ചാരം (നൈറ്റ് ലൈഫ് ടൂറിസം) സമീപകാലം വരെയും മലയാളിയ്ക്ക് കേട്ടുപരിചയം മാത്രമുണ്ടായിരുന്ന ഒന്നാണ്.

എന്നാൽ ഇന്നതിന് മാറ്റം വന്നു തുടങ്ങിയിരിക്കുന്നു.

ലോകത്തിന്റെ വേഗത്തിനൊപ്പം സഞ്ചരിക്കാൻ പഠിച്ച മലയാളി പതിയെ നൈറ്റ് ലൈഫും ആസ്വദിച്ചു തുടങ്ങിയിരിക്കുന്നു.

തലസ്ഥാനനഗരിയുടെ ടൂറിസം സാധ്യതകളും പൈതൃകപ്പെരുമയയും കോർത്തിണക്കി രാത്രികാല ജീവിതവും ആഘോഷങ്ങളും സാധ്യമാക്കുന്ന ഒരു നൈറ്റ് ലൈഫ് സിറ്റിയായി മാറുകയാണ് തിരുവനന്തപുരം.

ടൂറിസം അതിന്റെ എല്ലാ ശോഭയോടും തിളങ്ങുന്ന എല്ലാ നഗരങ്ങളിലെയും ഏറ്റവും പ്രധാന ആകർഷണമാണ് അവിടങ്ങളിലെ രാത്രികാല ജീവിതവും.

വ്യത്യസ്തതയുള്ള ഭക്ഷണങ്ങളും വിനോദവും കലാസാംസ്കാരിക പരിപാടികളും അടങ്ങുന്ന ഒരു പുത്തൻ സംസ്കാരമായി പല രാജ്യങ്ങളും നൈറ്റ് ലൈഫിനെ ഏറ്റെടുത്തുകഴിഞ്ഞു.

മറ്റു രാജ്യങ്ങളിൽ മാത്രമല്ല നമ്മുടെ അയൽ സംസ്ഥാനങ്ങളിലെ ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങളിൽ പോലും നൈറ്റ് ലൈഫ് സജീവമാണ്.

ടെക്നോപാർക്കിലും മറ്റ് ഐടി കമ്പനികളിലും ജോലി ചെയ്യുന്ന നിരവധി യുവതീയുവാക്കളുള്ള ഒരു ഐ.ടി നഗരമാണ് തിരുവനന്തപുരം.

പകൽ മുഴുവൻ കമ്പ്യൂട്ടറിന് മുന്നിൽ ചെലവഴിക്കുന്ന ടെക്കികളുടെ ഏറെ നാളത്തെ ആവശ്യവും കൂടിയാണ് നൈറ്റ് ലൈഫ് എന്നത്.

ടെക്നോപാർക്കിന് ചുറ്റുമുള്ള കഴക്കൂട്ടം, ആക്കുളം പ്രദേശങ്ങളിൽ പച്ചപിടിക്കുന്ന നൈറ്റ് ലൈഫ് സാദ്ധ്യതകൾ തിരുവനന്തപുരം നഗരത്തിന്റെ ബിസിനസ് സാദ്ധ്യതകൾക്കും ഊർജം പകരുന്നതാണ്.

നഗരത്തിൽ രാത്രികാല ടൂറിസം സാധ്യതകൾ വളരെ വലുതാണ്.

2022 ലെ ഓണം, ഇക്കഴിഞ്ഞ ഡിസംബറിൽ നടന്ന ഐ.എഫ്.എഫ്.കെ, ക്രിസ്തുമസ് പോലുള്ള ആഘോഷങ്ങളിൽ തിരുവനന്തപുരം നഗരവാസികളുടെ രാത്രികാല ജീവിതത്തോടുള്ള പ്രതികരണം അതിന് ഉത്തമ ഉദാഹരണങ്ങളാണ്.



ആഘോഷ രാവുകളിൽ രാത്രി വളരെ വൈകിയും പരിപാടികൾ ആസ്വദിക്കാനും നഗരത്തിലെ ദീപാലങ്കാരങ്ങൾ കാണുവാനും കുടുംബസമേതമാണ് നഗരവാസികൾ എത്തിയത്.

ചലച്ചിത്രമേളയുടെ സമയത്ത് പുലർച്ചെ വരെ നഗരത്തിലെ ഹോട്ടലുകളും പൊതുഗതാഗത സംവിധാനങ്ങളും ഡെലിഗേറ്റുകളെ കാത്തിരുന്നത് നാമെല്ലാം കണ്ടതാണ്.

രാത്രിയോടുള്ള നഗരത്തിന്റെ ഈ പ്രതികരണങ്ങളിൽ നിന്ന് ഊർജം ഉൾക്കൊണ്ടുകൊണ്ട് ഇക്കഴിഞ്ഞ ക്രിസ്തുമസ് ആഘോഷങ്ങൾ പതിവിൽ നിന്നും വ്യത്യസ്തമായി രാത്രി ഒരു മണി വരെയാണ് ക്രമീകരിച്ചിരുന്നത്.

വിദേശ രാജ്യങ്ങളുടെ മാതൃകയിൽ എൽ.എം.എസ് ജംഗ്ഷൻ മുതൽ വെള്ളയമ്പലം വരെ ദീപാലങ്കൃതമാക്കിയിരുന്നു.

തിരുവനന്തപുരത്തിന്റെ ഈ നൈറ്റ് ലൈഫ് ആസ്വദിക്കുന്നതിനും പുതുവത്സരാഘോഷങ്ങൾക്കുമായി കേരളത്തിലെ പല ഭാഗത്തുനിന്നും ആയിരക്കണക്കിന് പേരാണ് തലസ്ഥാനത്തേക്ക് ഒഴുകിയെത്തിയത്

## പുതിയ പദ്ധതികൾ

ഇപ്പോൾ ആഘോഷവേളകളിൽ മാത്രം നടക്കുന്ന ഈ നൈറ്റ് ടൂറിസം വർഷത്തിലെ എല്ലാ ദിവസവും നടത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണ് നഗരസഭാ അധികൃതർ.

ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 35 കോടി രൂപ മുടക്കി നഗരത്തിലെ തിരഞ്ഞെടുത്ത 30 പൈതൃക കേന്ദ്രങ്ങൾ ദീപാലങ്കൃതമാക്കുകയും രാത്രികാല യാത്രാ സൗകര്യമൊരുക്കുകയും ചെയ്തു വരികയാണ്. പാളയം പള്ളി, വഴുതക്കാട് ട്രിഡാ മന്ദിരം, പൊലീസ് ആസ്ഥാനമന്ദിരം എന്നിവിടങ്ങൾ ഇതിനോടകം ദീപാലങ്കൃതമായിക്കഴിഞ്ഞു.

അടുത്ത ഘട്ടത്തിൽ നഗരത്തിലെ മൂന്ന് പ്രധാന ഇടനാഴികളെയാണ് നൈറ്റ് ലൈഫിന്റെ ഭാഗമാക്കുക.

ഇതിൽ പട്ടം മുതൽ കവടിയാർ വരെയുള്ള ഭാഗത്ത് ഫുഡ് സ്ട്രീറ്റും മാൾ ഓഫ് ട്രാവൻകൂർ മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്ത് പബ്ബുകളും ഡാൻസ് ബാറുകളും പോലുള്ള വിനോദ കേന്ദ്രങ്ങളും ഒരുക്കും.

മൂന്നാമത്തെ ഇടനാഴിയായ ശംഘുമുഖം മുതൽ കവടിയാർ വരെയുള്ള ഭാഗത്ത് കലാസാംസ്കാരിക പരിപാടികൾക്കും കലാപ്രദർശനങ്ങൾക്കുമുള്ള വേദികളാവും സജ്ജീകരിക്കുക.

ഇതിന്റെ തുടക്കം എന്ന നിലയിൽ കഴക്കൂട്ടം മുതൽ ഈഞ്ചക്കൽ വരെയുള്ള ഭാഗങ്ങളിൽ പബ്ബുകളും ഡാൻസ് ബാറുകളും പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു.





## 12 മണിയ്ക്ക് തീരുന്ന നൈറ്റ് ലൈഫ്?

നൈറ്റ് ലൈഫിനായി ഒരുഭാഗത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി തുടങ്ങുമ്പോഴും മറുഭാഗത്ത് രാത്രികാലങ്ങൾ വീടിനുള്ളിൽ ഒതുങ്ങുവാനുള്ളതാണെന്ന പിന്തിരിപ്പൻ നിലപാടിലാണ് കേരള പോലീസിലെ ഒരു വിഭാഗം.

ക്രമസമാധാനപാലനത്തിന്റെ പേരിൽ രാത്രികാലങ്ങളിൽ നഗരവാസികൾക്ക് ആശ്രയമായുള്ള ഹോട്ടലുകളും കടകളും അടപ്പിക്കുകയും പുതുവത്സര ദിനത്തിൽ പോലും രാത്രി 12 മണിക്ക് മുൻപ് തന്നെ ആൾക്കൂട്ടങ്ങൾ ഒഴിവാക്കാനുള്ള വ്യഗ്രതയുമൊക്കെ പൊലീസിന് ഏറെ വിമർശനങ്ങൾ കേൾപ്പിച്ചിരുന്നു.

ഇത്തരം പ്രവണതകൾ അവസാനിപ്പിച്ച് നഗരത്തിലെ പട്രോളിംഗ് ശക്തമാക്കുകയും നഗരത്തിനെ കൂടുതൽ രാത്രികാല സൗഹൃദ ഇടങ്ങളാക്കുകയുമാണ് പോലീസ് ചെയ്യേണ്ടത്.

എഴുത്തും ചിത്രങ്ങളും ജിതിൻ എസ് വിജയ്

### കടമ്പകളേറെ

നഗരത്തിലെ നൈറ്റ് ലൈഫ് സാദ്ധ്യമാക്കുന്നതിന് ഇനിയും കടമ്പകൾ ഏറെയാണ്. പാർക്കിംഗ് അസൗകര്യം ഇത്തരത്തിലെ ഒരു പ്രധാന വെല്ലുവിളിയാണ്.

നഗരത്തിൽ സ്ട്രീറ്റ് ടൂറിസം പദ്ധതി നടപ്പാക്കുവാൻ വേണ്ടി ആരംഭിച്ച വെള്ളയമ്പലത്തെ സ്മാർട്ട് വെൻഡിങ് കിയോസ്ക്കുകളും സൈക്കിൾ യാത്ര പ്രോത്സാഹിപ്പിക്കുവാനായി ആരംഭിച്ച പദ്ധതികളുമൊക്കെ വേണ്ടത്ര ശ്രദ്ധ കിട്ടാതെ പാതിവഴിയിലാണ്. പദ്ധതികൾ തുടങ്ങുവാനുള്ള താല്പര്യം അത് നടത്തിക്കൊണ്ടുപോകുവാൻ അധികൃതർ കാണിക്കുന്നില്ല.

# ഭൂമിയുടെ അകക്കാമ്പ് കറക്കം നിർത്തിയോ?

ജിതിൻരാജ് ആർ.എസ്

**ഭൂ**മി ഒരൊറ്റ ഗോളമായി കറങ്ങുന്നു എന്നുള്ളതാണ് നമ്മുടെ കാഴ്ചപ്പാട്. എന്നാൽ അതങ്ങനെ അല്ല എന്നും, ഭൂമിയുടെ ഉൾഭാഗം കറക്കം നിർത്തി എന്നുമാണ് ഏറ്റവും പുതിയ കണ്ടെത്തൽ. ബേയ്ജിങ് യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞരുടെ ഗവേഷണങ്ങളാണ് ഇത്തരത്തിൽ ഒരു കണ്ടെത്തലിന് വഴി തെളിച്ചത്.

1992 മുതൽ 2023 ഭൂമിയിലെ വിവിധ ഭാഗങ്ങളിൽ നടന്ന ഭൂകമ്പങ്ങളെ വിലയിരുത്തിയാണ് പഠനങ്ങൾ നടന്നത്. 2009 നു ശേഷം ഭൂകേന്ദ്രത്തിന് കാര്യമായ ചലനം ഉണ്ടായിട്ടില്ല എന്ന് പ്രസിദ്ധ അമേരിക്കൻ മാസികയായ നേച്ചർ ജോഗ്രാഫിക് പ്രസിദ്ധീകരിച്ച ലേഖനത്തിൽ പറയുന്നു. ഭൂകേന്ദ്രത്തിൽ നിക്കൽ, ഇരുമ്പ് തുടങ്ങിയ ലോഹങ്ങൾ സൂര്യന്റെ ഉപരിതലത്തേക്കാൾ കൂടിയ ചൂടിൽ ഗോളാകൃതിയിൽ സ്ഥിതി ചെയ്യുന്നുണ്ട് എന്നാണ് 1936കളിൽ നടന്ന പഠനങ്ങൾ കണ്ടെത്തിയത്. ചൊവ്വയെക്കാൾ വലിപ്പമുള്ള ഈ കേന്ദ്ര ഭാഗത്തിനു സ്വതന്ത്രമായി ഭൂമിക്കു ഉള്ളിൽ ചലിക്കാൻ കഴിയും. ഇതിന്റെ ചലനം നിലച്ചു എന്നുള്ളത് പുതിയ കണ്ടെത്തലാണ്.എന്നാൽ പഴയ പല പഠനകളും വിപരീത അഭിപ്രായമാണ് മുന്നോട്ടു വച്ചിട്ടുള്ളത്.

70 വർഷം കൂടുമ്പോൾ ആവർത്തിക്കുന്ന ഒരു പ്രക്രിയ ആകാമിതെന്നും, ഭൂമിയുടെ മുഴുവനുള്ള ചലനത്തെ അത് സ്വാധീനിക്കാൻ ഇടയില്ല എന്നുമാണ് ശാസ്ത്രലോകം വിലയിരുത്തുന്നത്. ഭൂകേന്ദ്രത്തെ കുറിച്ചുള്ള പഠനം ഭൂകമ്പം, സുനാമി, ടെക്റ്റോണിക് ഫലകങ്ങളുടെ ചലനം എന്നിവയെപ്പറ്റി പഠിക്കാനും, അതിന്റെ മാതൃകകൾ വിലയിരുത്തി അപകടങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും സഹായിക്കും എന്നതിനാൽ നിലവിൽ ഇതിന് വലിയ പ്രാധാന്യം ഉണ്ട്.



# ഡോ. വിജി വിജയന് യു. എസ് പേറ്റന്റ്

സനിഗ എസ് എസ്

**കാര്യവട്ടം:** കേരളസർവകലാശാല ബയോകെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോക്ടർ വിജി വിജയന് യു.എസ് പേറ്റന്റ്.

ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഇമ്മ്യൂണോളജിയിലെ ജീവനക്കാരിയും മുൻ സഹപ്രവർത്തകയുമായ ഡോക്ടർ സരിക ഗുപ്തയ്ക്കൊപ്പമാണ് വിജി വിജയൻ ഈ അംഗീകാരം പങ്കിട്ടത്.

മറവിരോഗ ചികിത്സാരംഗത്ത് പുതിയ പ്രതീക്ഷകൾ നൽകുന്ന ജൈവ സംവിധാനത്തിന്റെ കണ്ടെത്തലിനാണ് പേറ്റന്റ് ലഭിച്ചത്. ഈ ഉദ്യമത്തിൽ സരിക, വിജി വിജയന്റെ മെന്ററായിരുന്നു. എട്ടു വർഷത്തിലധികം നീണ്ട ഗവേഷണത്തിനൊടുവിലാണ് ഈ നേട്ടം.



*ഡോ. വിജി വിജയൻ*

മറവിരോഗം ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന്റെ ചികിത്സാരംഗത്ത് ഈ കണ്ടെത്തൽ ഗുണകരമായ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. ശരീരത്തിലെ കോശവീക്കം, പ്രതിരോധ സംവിധാനത്തിലെ മാറ്റങ്ങൾ എന്നിവയെ സ്വാധീനിക്കുന്ന ഘടകങ്ങൾ പ്രോട്ടീൻ ഹോർമോണായ ഓസ്റ്റിയോകാൽസിനിൽ കണ്ടെത്തിയതിനെ അംഗീകരിക്കുന്നതാണ് പേറ്റന്റ്. ഇത് മറവിരോഗം കൂടാതെ മറ്റ് വിവിധ രോഗങ്ങളുടെ ചികിത്സയ്ക്കും, വിപുലമായ ഗവേഷണത്തിനുമുള്ള വഴികൾ തുറക്കും. ബ്ലഡ് ബ്രയിൻ ബാരിയറിനെ മറികടക്കാൻ കഴിവുള്ള ഓസ്റ്റിയോകാൽസിൻ, അമിലോയിഡ് ബീറ്റാ പെപ്റ്റൈഡുമായി ഇടപഴകുന്നതിന്റെ ഫലമായി ഫൈബ്രിലുകളുടെ പ്രാഥമിക ഘടനകൾ രൂപപ്പെടുന്നതായി വിജിയും സരികയും കണ്ടെത്തി.

അത്തരം ഘടനകളുടെ രൂപീകരണം മസ്തിഷ്കത്തിൽ അടിഞ്ഞുകൂടുന്ന അമിലോയിഡ് ബീറ്റാ പ്രോട്ടീനുകൾ നീക്കം ചെയ്ത് ഓർമ്മശക്തി മെച്ചപ്പെടുത്തും.

നിലവിൽ അൽഷിമേഴ്സ് ചികിത്സയുമായി ബന്ധപ്പെട്ട ക്ലിനിക്കൽ പരീക്ഷണങ്ങൾ രോഗികളിൽ നിരവധി പ്രതികൂല ഫലങ്ങൾ ഉണ്ടാക്കുന്നുണ്ട്.

എന്നാൽ മനുഷ്യശരീരത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഓസ്റ്റിയോകാൽസിൻ ഉപയോഗിക്കുന്നത് അത്തരം സങ്കീർണതകളിലേക്ക് നയിക്കില്ലെന്നാണ് എലികളിൽ നടത്തിയ പ്രീക്ലിനിക്കൽ പരീക്ഷണങ്ങളിൽ വ്യക്തമായത്.

# ജോൺ കാൾഡിക്കോട്ടിന് ഓർമപൂക്കൾ

ജിതിൻരാജ് ആർ.എസ്

**തിരുവനന്തപുരം:** കേരളത്തിലെ ആദ്യ വാനനിരീക്ഷണാലയമായ 'ട്രാവൻകോർ ഒബ്സർവേറ്ററി' യുടെ സ്ഥാപകനായ ജോൺ കാൾഡിക്കോട്ടിന്റെ ഓർമപുതുക്കൽ വിപുലമായി ആഘോഷിച്ച് കേരള സർവകലാശാല.

ഒബ്സർവേറ്ററിയുടെ നിലവിലെ ഡയറക്ടറും കേരള സർവകലാശാല ഫിസിക്സ് വിഭാഗം അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ആർ ജയകൃഷ്ണന്റെ നേതൃത്വത്തിലാണ് ഓർമപുതുക്കൽ സംഘടിപ്പിച്ചത്.

1837ൽ തിരുവിതാംകൂർ മഹാരാജാവായിരുന്ന സ്വാതി തിരുനാളിന്റെ നിർദ്ദേശ പ്രകാരമാണ് ഈ നിരീക്ഷണാലയം സ്ഥാപിക്കുന്നത്. തിരുവിതാംകൂറിലെ വാണിജ്യ ഏജന്റായിരുന്ന ജോൺ കാൾഡിക്കോട്ടിനെയാണ് ഇതിന്റെ നിർമാണത്തിനായി നിയമിച്ചത്. യൂറോപ്യൻ ബഹിരാകാശ ഗവേഷണത്തിന്റെ ഭാഗമാവുക എന്നുള്ള ഉദ്ദേശത്തിലായിരുന്നു സ്വാതി തിരുനാൾ ഒബ്സർവേറ്ററി നിർമിക്കാൻ ആവശ്യപ്പെട്ടത്. ഭൂമധ്യരേഖയിൽ നിന്നും ഏകദേശം എട്ടു ഡിഗ്രി 30 മിനിറ്റ് വടക്ക് ഭാഗത്തായിട്ടാണ് തിരുവനന്തപുരം നഗരം സ്ഥിതി ചെയ്യുന്നത്.

അതിനാൽ തന്നെ ബഹിരാകാശ ഗവേഷണത്തിന് പറ്റിയ സ്ഥലങ്ങളിൽ ഒന്നായതിനാലാണ് ഒബ്സർവേറ്ററി നിർമിക്കാൻ തിരുവനന്തപുരം നഗരം തന്നെ തിരഞ്ഞെടുത്തത്.

നിലവിൽ കേരള സർവകലാശാലയുടെ ഫിസിക്സ് വിഭാഗത്തിനാണ് ഈ ഒബ്സർവേറ്ററിയുടെ പ്രവർത്തനച്ചുമതല.

ഓർമപുതുക്കലിന്റെ ഭാഗമായി മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റേഡിയോ ആസ്ട്രോണമിയിലെ ഡോക്ടർ വീണ വി എസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ആൻഡ് ടെക്നോളജിയിലെ പ്രൊഫസർ ആനന്ദ് നാരായണൻ, പ്രമുഖ ആസ്ട്രോ ഫോട്ടോഗ്രാഫർ ശരത് പ്രഭാവ് തുടങ്ങിയവർ വിദ്യാർത്ഥികൾക്കായി ക്ലാസുകൾ നയിച്ചു.

# നിങ്ങൾ കണ്ടിരുന്നുവോ ആ പച്ചവാൽനക്ഷത്രത്തെ?

ജിതിൻരാജ് ആർ.എസ്

**നാ**മെല്ലാം ഉണ്ടാകുന്നതിന് മുമ്പ് ഭൂമിയ്ക്കരികിലൂടെ കടന്നുപോയ ഒരു വാൽനക്ഷത്രത്തെ കാണാനുള്ള ഒരേ ഒരവസരമാണ് 2023 ന്റെ ആദ്യ പാദത്തിൽ നമുക്ക് ലഭിച്ചത്. ജനുവരി മാസത്തിന്റെ അവസാന ദിവസങ്ങളിലും ഫെബ്രുവരിയുടെ ആദ്യ ദിവസങ്ങളിലും വടക്ക് കിഴക്കൻ അർദ്ധ ഗോളത്തിൽ പ്രത്യക്ഷപ്പെട്ട ഈ വാൽനക്ഷത്രത്തെ ശാസ്ത്രജ്ഞർ വിളിച്ചത് സി/2022ഇ3 (ZTF) എന്നാണ്.

അപൂർവങ്ങളിൽ അപൂർവമായി മാത്രം ഭൂമിയ്ക്കരികിൽ പ്രത്യക്ഷപ്പെടുന്ന ഈയൊരു വാൽനക്ഷത്രത്തെ കാണാനും ചിത്രമെടുക്കാനും കാത്തിരുന്നവർ നിരവധിയായിരുന്നു. പച്ച നിറത്തിലുള്ള വാൽ നക്ഷത്രങ്ങൾ വളരെ അപൂർവമാണ്. കഴിഞ്ഞതവണ ഇത് ഭൂമിയുടെ അടുത്ത് കൂടി കടന്നു പോകുമ്പോൾ ഇവിടെ നിയണ്ടർതാൽ മനുഷ്യർ ജീവിക്കുകയായിരുന്നു. അടുത്ത തവണ ഇതെത്തുമ്പോൾ ഒരുപക്ഷേ ഹോമോ സാപ്പിയൻ എന്ന ആധുനിക മനുഷ്യൻ ഭൂമിയിൽ ഉണ്ടാകാനിടയില്ലെന്നാണ് ശാസ്ത്രജ്ഞർ അനുമാനിക്കുന്നത്. സൗരയൂഥത്തിന്റെ വിദൂര മേഖലയായ ഊർട്ട് ക്ലൗഡിൽ നിന്നായിരിക്കാം ഇതു വന്നതെന്നാണ് കരുതുന്നത്. സൗരയൂഥം രൂപീകരിക്കപ്പെട്ട സമയത്തുള്ള പാറക്കഷണങ്ങളും മറ്റുപദാർത്ഥങ്ങളും അതേപടി സൂര്യനെ ചുറ്റുന്ന പ്രദേശമാണ് ഊർത് ക്ലൗഡ്. ഈ പ്രദേശങ്ങളിൽ നിന്ന് വരുന്ന വസ്തുക്കളെക്കുറിച്ച് പഠിക്കുന്നത് സൗരയൂഥത്തിന്റെ ഉദ്ഭവത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് സഹായിക്കും.



*ആനച്ചാൽ സ്വദേശി വിഷ്ണു സുധാകരൻ പകർത്തിയ പച്ചവാൽനക്ഷത്രത്തിന്റെ ചിത്രം*

കളരി
24 ഫെബ്രുവരി 2023

## നിയമം നിയമത്തിന് വെല്ലുവിളിയാകുമ്പോൾ

ഇന്ത്യയിലെ നിയമനിർമ്മാണസഭയും നീതിന്യായ വ്യവസ്ഥയും തമ്മിലുള്ള വാക്പോര് പൊതുമാധ്യമങ്ങളിലൂടെ ജനശ്രദ്ധ പിടിച്ചുപറ്റാൻ തുടങ്ങിയിട്ട് മാസങ്ങളായിരിക്കുന്നു. ഏകദേശം അഞ്ച് കോടിയോളം കേസുകൾ പരിഹാരം കാത്തുകിടക്കുന്ന നമ്മുടെ രാജ്യത്ത് ഈ സാഹചര്യം ഉണ്ടാക്കാനിടയുള്ള സ്ഥിതി വിശേഷം എന്താണെന്ന് ഊഹിക്കാവുന്നതേയുള്ളു.

ഇപ്പോൾ പിന്തുടരുന്ന 'കൊളീജിയം' സമ്പ്രദായം കാലഹരണപ്പെട്ടുവെന്നും അതിന് ബദൽ സംവിധാനം വേണമെന്നും സർക്കാർ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അതിനുള്ളിൽ പതിയിരിക്കുന്ന അപകടത്തെപ്പറ്റി നാം വിശകലനം നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്ന് വേണം കരുതാൻ.

സുപ്രീം കോടതി ഉൾപ്പടെ ജുഡീഷ്യറിയുടെ ഉയർന്ന തലങ്ങളിലേക്ക് ജഡ്ജിമാരെ നിയമിക്കുന്നത് ഇപ്പോൾ കൊളീജിയം സംവിധാനത്തിലൂടെ മാത്രമാണ്. 1993ലാണ് ഈ സംവിധാനം നിലവിൽ വരുന്നത്. അന്നു വരെ സർക്കാരിന് ഉചിതമെന്ന് തോന്നുന്ന വ്യക്തികൾ മാനദണ്ഡങ്ങൾ ഒന്നുമില്ലാതെ തന്നെ ഉന്നത പദവികളിൽ എത്തിച്ചേരുന്ന പതിവാണ് നിലനിന്നുപോന്നിരുന്നത്.

അതേസമയം, ഈ കൊളീജിയം സംവിധാനം പാർലമെന്റ് നിയമപ്രകാരം ഉള്ളതല്ലെന്നതാണ് മറ്റൊരു വസ്തുത. അതിനാൽ, പകരം നിയമം ഉണ്ടാകുന്നത് വരെ കൊളീജിയം നിയമങ്ങൾ അംഗീകരിച്ചു മുന്നോട്ട് പോകാൻ സർക്കാർ ബാധ്യസ്ഥമാണ്.

സുതാര്യതയും ഉത്തരവാദിത്തവും ഇല്ലെന്ന വാദത്തിന്റെ പേരിൽ കൊളീജിയം സംവിധാനത്തിന് ധാരാളം വിമർശനങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഈ സാഹതര്യമാണ് 2014ലെ ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷൻ (എൻ.ജെ.എ.സി) നിയമത്തിലേക്ക് നയിച്ചത്. കേന്ദ്ര നിയമമന്ത്രി ഉൾപ്പടെയുള്ളവർ അംഗങ്ങളാകുന്ന തരത്തിലാണ് എൻ.ജെ.എ.സിയുടെ ഘടന.

എന്നാൽ ഇത് ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്ക് വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി സുപ്രീം കോടതി റദ്ദാക്കുകയായിരുന്നു. അതേസമയം, കോടതി ചൂണ്ടികാട്ടിയ ഈ അപാകതകൾ നീക്കി അതേ സംവിധാനം വീണ്ടും കൊണ്ടുവരാൻ പാർലമെന്റിന് അധികാരമുണ്ട്.

നിലവിലുള്ള കൊളീജിയം സമ്പ്രദായത്തെ നഖശിഖാന്തം എതിർക്കുമ്പോഴും, 2015ൽ നിരാകരിക്കപ്പെട്ട എൻ.ജെ.എ.സി നിയമത്തിലെ അപാകതകൾ പരിഹരിച്ച് പുതിയ ഒരു സംവിധാനം കൊണ്ടുവരാൻ എന്തുകൊണ്ട് കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല എന്നത് ഒരു പ്രസക്തമായ ചോദ്യമാണ്.

ഒരു സർക്കാർ സംവിധാനത്തിന് വിധേയപ്പെട്ടുകൊണ്ട് നീതിന്യായ സംവിധാനത്തിലെ ഉന്നതതല നിയമനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത് ഒരിക്കലും ശരിയായ നടപടിയല്ല.

ഭരണതലപ്പത്ത് പോലും അന്വേഷണങ്ങളും വിധി പ്രസ്താവങ്ങളും പ്രായോഗികമാകുന്ന രീതിയിലാണ് നമ്മുടെ നീതിന്യായ വ്യവസ്ഥ ചിട്ടപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ പരമോന്നത നീതിപീഠത്തിലെ ന്യായാധിപന്മാരുടെ നിയമനത്തിനെതിരായ വിമർശനങ്ങൾ ഇത്രയും വ്യവസ്ഥാപിതമല്ലാത്ത രീതിയിൽ എത്തിച്ചേരുന്ന സാഹചര്യം ഒരുപക്ഷേ നിയമവ്യവസ്ഥയിലുള്ള സാധാരണക്കാരന്റെ വിശ്വാസത്തിൽ തന്നെ വലിയ വിള്ളലുകൾ വീഴ്ത്തിയെന്നിരിക്കും.

നീതിന്യായവ്യവസ്ഥയെ സ്വതന്ത്രമായി നിലനിൽക്കാൻ അനുവദിച്ചാൽ മാത്രമേ തുല്യനീതി എന്ന ആശയം പ്രാവർത്തികമാവുകയുള്ളു. ഓരോ പൗരനും നീതി ഉറപ്പാക്കുന്നതിനോടൊപ്പം തന്നെ രാജ്യത്തിന്റെ ഭരണനിർവഹണത്തെ നിലനിർത്തിക്കൊണ്ട് പോകുന്നതിലും നീതിന്യായ വ്യവസ്ഥയ്ക്ക് വലിയ പങ്കുണ്ട്.

അതേസമയം ഒരു പൗരന് സ്വന്തം രാജ്യത്ത് അർഹമായ അവകാശങ്ങളോടെ ജീവിക്കാനുള്ള സാഹചര്യം ഉറപ്പ് വരുത്തേണ്ടതും മതിയായ നിയമങ്ങൾ രൂപപ്പെടുത്തേണ്ടതും നിയമനിർമാണ സഭയുടെ ചുമതലയാണ്. അതിനാൽ തന്നെ ഭരണസംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് പാർലമെന്റും ജുഡീഷ്യറിയും ഒത്തൊരുമയോട് കൂടി പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

# മാധ്യമങ്ങൾ സ്തുതിപാഠകരല്ല; സിദ്ധാർഥ് വരദരാജൻ

ഗൗരികൃഷ്ണൻ ബി

**തിരുവനന്തപുരം** : മാധ്യമങ്ങൾ സർക്കാരിന്റെ സ്തുതിപാഠകരല്ലെന്ന് ദി വയർ എഡിറ്ററും മുതിർന്ന മാധ്യമ പ്രവർത്തകനുമായ സിദ്ധാർഥ് വരദരാജൻ.




*മാധ്യമദിനാചരണവുമായി ബന്ധപ്പെട്ട് ഐപിആർഡി സംഘടിപ്പിച്ച പരിപാടിയിൽ സിദ്ധാർഥ് വരദരാജൻ സംസാരിക്കുന്നു*

മാധ്യമദിനാചരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച പരിപാടിയിൽ 21 ആം നൂറ്റാണ്ടിൽ സ്വതന്ത്ര മാധ്യമ പ്രവർത്തനം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സർക്കാരിന്റെ തീരുമാനങ്ങളും കാഴ്ചപ്പാടുകളും ജനങ്ങളെ അറിയിക്കാനും അവതരിപ്പിക്കാനും സർക്കാർ തലത്തിൽ തന്നെ വിവിധ സംവിധാനങ്ങളുണ്ട്. ഇത് മാധ്യമങ്ങളുടെ ജോലിയല്ല.

എന്നാൽ ഇന്നത് മറിച്ചാണ് നടക്കുന്നത്. രാജ്യത്തെ സ്വതന്ത്ര മാധ്യമ പ്രവർത്തനം നേരിടുന്ന വെല്ലുവിളികൾ ജനാധിപത്യത്തിന്റെ തകർച്ചയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 'കശ്മീർ ഫയൽസ്' എന്ന സിനിമയ്ക്ക് നികുതി ഇളവ് ലഭിച്ച ഇതേ രാജ്യത്ത് തന്നെയാണ് ബിബിസിയുടെ ഡോക്യുമെന്ററിയ്ക്ക് വിലക്കിന് സമാനമായ അവസ്ഥ നേരിടേണ്ടി വരുന്നത്. അധികാര കേന്ദ്രങ്ങൾ മാധ്യമപ്രവർത്തനം എങ്ങനെയാകണം എന്ന് നിശ്ചയിക്കുന്നതാണ് അപകടകാരമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മുഖ്യധാരാ മാധ്യമങ്ങൾ പലതും സർക്കാരുകളുടെ സ്തുതിപാഠകാരായി മാറുന്നു.

ജനാധിപത്യ സംവിധാനത്തിൽ മാധ്യമങ്ങൾ സർക്കാരിന്റെ വക്താക്കളല്ല. മറിച്ച് രാജ്യത്തെ ഭരണഘടനയും അതനുവദിക്കുന്ന സ്വാതന്ത്ര്യവുമാണ് മാധ്യമങ്ങളേയും മാധ്യമപ്രവർത്തകരെയും വഴിനടത്തേണ്ടത്.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്ത് സ്വകാര്യ റേഡിയോ വാർത്താ ചാനലുകൾ ഇല്ലെന്നുള്ളതും ശ്രദ്ധിക്കേണ്ട വിഷയമാണ്. ജനങ്ങൾ എന്ത് കാണണം, എന്ത് വായിക്കണം, എന്ത് പറയണം തുടങ്ങിയ കാര്യങ്ങൾ അധികാരകേന്ദ്രങ്ങൾ തീരുമാനിക്കുന്ന സാഹചര്യം രാജ്യത്ത് വർധിച്ചു വരികയാണ്.

ഇതിനെതിരെ പ്രവർത്തിക്കുന്നവർ പോലീസ് നടപടിയടക്കം നേരിടേണ്ടി വരുന്നുവെന്നത് ഗുരുതര സാഹചര്യത്തിന് ഉദാഹരണമാണ്. മലയാളി മാധ്യമ പ്രവർത്തകൻ സിദ്ദിഖ് കാപ്പന് സുപ്രീം കോടതി ജാമ്യം അനുവദിച്ചിട്ടും ജയിൽ മോചിതനായില്ല എന്നത് ഇതിന്റെ തീവ്രത വരച്ചു കാട്ടുന്നു.

ഇത്തരത്തിൽ അനേകം വെല്ലുവിളികളാണ് ഇന്ന് മാധ്യമ പ്രവർത്തനം നേരിടുന്നത് - അദ്ദേഹം പറഞ്ഞു. ജനങ്ങൾക്ക് മാധ്യമങ്ങളോടുള്ള വിശ്വാസം കുറയുന്നതാണ് മാധ്യമപ്രവർത്തനം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളിയെന്നാണ് ചടങ്ങ് ഉദ്ഘാടനം ചെയ്ത മന്ത്രി എം ബി രാജേഷ് അഭിപ്രായപ്പെട്ടത്.

വസ്തുനിഷ്ഠമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ നിന്നും, അതിനുതകുന്ന ചോദ്യങ്ങൾ ചോദിക്കുന്നതിൽ നിന്നും മാധ്യമങ്ങൾ പിന്നോട്ട് പോകുന്നത് ജനങ്ങൾക്ക് മാധ്യമങ്ങളോടുള്ള വിശ്വാസ്യത കുറയാൻ കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ മാധ്യമങ്ങളെ കുറിച്ച് പറയുമ്പോൾ അത് ഇന്ത്യൻ ജനാധിപത്യത്തെ കുറിച്ച് പറയുന്നത് കൂടിയാണെന്നും ജനാധിപത്യം നേരിടുന്ന പ്രതിസന്ധി മാധ്യമങ്ങളെക്കൂടിയാണ് ബാധിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## 'മസ്കും മയൊണൈസും പിന്നൊരിടിത്തീയും'!

അനന്തു ഗോപിദാസ്, യദു എ വി

*ഇക്കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിന്റെ ആകാശത്തിലൂടെ ഒഴുകിനടക്കുന്ന ഒരു നക്ഷത്രമാല കണ്ട് തലയുയർത്തി നോക്കാൻ സമയംകിട്ടിയ വീരകേരളീയരിൽ ചിലരെങ്കിലും ഞെട്ടിയിരിക്കാം.*

*കാര്യം ഇലോൺ മസ്കിന്റെ ബഹിരാകാശപേടക ശൃംഖലയായ സ്റ്റാർലിങ്കിന്റെ പേടകങ്ങൾ ആകാശഗമനത്തിനിടയിൽ ഒന്നെത്തിനോക്കിയതായിരുന്നു. ചൂഷക വർഗ്ഗത്തിന്റെ ഏറ്റവും പുതിയ മാർവലായി അവരോധിക്കപ്പെടുകയും, പ്രിയപ്പെട്ട ടിറ്ററിനെ പിച്ചിച്ചീന്തുകയും ചെയ്ത മസ്കിനെതിരെ ഒറ്റപ്പെട്ട ചിലയിടങ്ങളിൽ മാനത്തേക്ക് നോക്കി പ്രതിഷേധിക്കുകയും അപലപിയ്ക്കുകയും ചെയ്തതായി റിപ്പോർട്ടുകളുണ്ട്.*

*ആകാശത്തെ പതിവില്ലാത്ത അങ്കലാപ്പ് കണ്ട് ലോകാവസാനം എന്ന വാട്സ്ആപ്പ് സന്ദേശത്തിന്റെ ബലത്തിൽ ഡിസാസ്റ്റർ ടൂറിസത്തിന് ഇറങ്ങുകയും അവസാനമായി ഒരു കാർട്ടർ കുഴിമന്തി കൂടി കഴിക്കുവാൻ ഒറ്റയ്ക്കും കൂട്ടമായും ഇറങ്ങിയവരുടെയും ഒരു നീണ്ടനിരയും ഈ ദിവസങ്ങളിൽ ഉണ്ടായി.*

*വൈവിദ്ധ്യാത്മകവും അത്ഭുതകരവുമായി ഒടുവിൽ ആശുപത്രികളിലെ എനിമ മുറികളിലേക്ക് ദുരന്ത ടൂറിസം നടത്തേണ്ടി വന്നത് ഇഷ്ടഭക്ഷണം കഴിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവർക്കാണ്. ഇവിടെ വീണ്ടും വില്ലനാവാൻ വിധിക്കപ്പെട്ടത് മയോണൈസ് എന്ന ഭക്ഷ്യ ലഹരിയും. ഫലത്തിൽ മസ്കും മയോണൈസും എല്ലാം ഒന്ന് തന്നെ.*

*വാർത്തകളും സത്യങ്ങളും വസ്ത്രങ്ങളും പരമോന്നത നിയമനിർമ്മാണ സഭകളിൽ ഉപയോഗിച്ചു കൂടാത്ത വാക്കുകളുമടങ്ങുന്ന പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ നിരോധനങ്ങളുടെ നീണ്ട നിരയിൽ ആകാശ വീക്ഷണം താൽക്കാലികമായി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സ്പേസ് എക്സ് ഒരുക്കിയ ആകാശ വിസ്മയം കുറച്ചധികം പേർക്ക് ആസ്വാദനത്തിനുതകി.*

*എന്നാൽ അവിടെ തീർന്നില്ല കാര്യങ്ങൾ. മുകളിലേക്ക് നോക്കി നിന്നവർക്ക് വർണവിസ്മയമെന്നോണം ആകാശത്തിന്റെ വടക്ക് ഭാഗത്തായി ഒരിടിത്തീ പ്രത്യക്ഷപ്പെട്ടു. ലണ്ടനിലെ ഫിറ്റ്സ്രോവിയയിൽനിന്ന് തൊടുത്തുവിട്ട ആ ഇടിത്തീ ഇന്ദ്രപ്രസ്ഥത്തിലാണ് വന്ന് പതിച്ചത്. ഗുർജരഭൂമിയുടെ ബാക്കിപത്രമെന്നോണം ആ ഇടിത്തീയുടെ ആഘാതത്തിൽ ആർഷഭാരതമാകെ കുലുങ്ങി. ആ കുലുക്കത്തിന്റെ ആഘാതത്തിലായിരിക്കണം താമരയിതളുകൾ കൊഴിയും പോലെ അദാനിയുടെ ഓഹരികളും കൊഴിഞ്ഞുപോയി.*

*വാക്കുകളും, വാർത്തകളും പിന്നെ മയൊണൈസും അവസാനമായി ഫിറ്റ്സ്രോവിയയിൽ നിന്ന് വന്ന ഡോക്യുമെന്ററിയും അങ്ങ് നിരോധിച്ചു. അങ്ങനെ കേരളത്തിന്റെ തെങ്ങിൻതലപ്പുകൾക്ക് മുകളിലൂടെ ഉക്രൈന്റെയും, ഗാസയുടെയും, പലസ്തീനിന്റെയുമൊക്കെ പുകമണക്കുന്ന ആകാശങ്ങളിലേക്ക് മസ്കിന്റെ പേടകക്കൂട്ടം പലായനം തുടർന്നു.*

*ഒടുവിൽ പാലക്കാട് ധോണിയിൽ നാട്ടിലിറങ്ങിയ പി ടി സെവനെന്ന ഒറ്റയാനെ വനം വകുപ്പ് മയക്കുവെടി വെച്ച് തളയ്ക്കുക കൂടി ചെയ്തതോടെ ലോകത്തിലെ സകല പ്രശ്നങ്ങളും അവസാനിച്ചു. ശുഭം.*

# 'സുന്ദര'മായൊരു മയക്കത്തിന്റെ തുടർച്ച...

അഖിൽ ആർ




27ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ശ്രദ്ധാകേന്ദ്രമായിരുന്നു മത്സര വിഭാഗത്തിലുണ്ടായിരുന്ന ലിജോ ജോസ് പെല്ലിശ്ശേരിയുടെ 'നൻപകൽ നേരത്ത് മയക്കം'. മമ്മൂട്ടി കേന്ദ്ര കഥാപാത്രമായി എത്തിയ ചിത്രത്തിന് വൻ സ്വീകരണമാണ് മേളയിൽ ലഭിച്ചത്.

ചിത്രത്തിന്റെ ആദ്യ പ്രദർശനം മുതൽ തർക്കങ്ങളും സംഘർഷങ്ങളും തുടങ്ങിയിരുന്നു. ഡെലിഗേറ്റുകളുടെ തിരക്ക് കാരണം, ചിത്രം റിസർവ് ചെയ്യാൻ കഴിയാത്തവരും, റിസർവ് ചെയ്തിട്ട് പോലും ചിത്രം കാണാൻ കഴിയാത്തവരും മണിക്കൂറുകളോളം ക്യൂ നിന്നവരും ഒക്കെ ചിത്രം കാണാൻ കഴിയാത്തതിലെ ദേഷ്യവും വിഷമവും പ്രത്യക്ഷമായും പരോക്ഷമായും പ്രകടിപ്പിച്ചു.

എന്നാൽ ചിത്രം കണ്ടിറങ്ങിയവരുടെ അഭിപ്രായങ്ങൾ കേൾക്കുമ്പോൾ, ഉണ്ടായ തിരക്കിനും വഴക്കിനും ഒക്കെ കാര്യമായ കാരണമുണ്ടെന്ന് മനസിലാവും.

കേരളത്തിലെ ഒരു നാടക സംഘത്തിന്റെ മാനേജരായ ജെയിംസ്, സംഘത്തോടൊപ്പം വേളാങ്കണ്ണി യാത്ര പോയി മടങ്ങി വരവേ, തമിഴ്നാട്ടിലെ ഒരു ഗ്രാമത്തിലൂടെ കടന്നുപോവുന്നു.

യാത്രാമധ്യേ എല്ലാവരും ഉച്ചമയക്കത്തിലേക്ക് കടക്കുമ്പോൾ ജെയിംസ് വണ്ടി നിർത്തിച്ച് അതിൽ നിന്നിറങ്ങി ഗ്രാമത്തിനുള്ളിലേക്ക് നടക്കുന്നു.

ജയിംസ് നടന്നുകയറുന്നത് കേവലം ആ ഗ്രാമത്തിലേക്ക് മാത്രമായിരുന്നില്ല, അവിടുത്തെ ഒരു കുടുംബത്തിലെ ഗൃഹനാഥനായിരുന്ന മരണപ്പെട്ടുപോയ 'സുന്ദര'മെന്ന വ്യതിയുണ്ടാക്കിയ വിടവിലേക്കാണ്.

നോട്ടത്തിലും ഭാവത്തിലും നടപ്പിലുമൊക്കെ സുന്ദരത്തോട് വളരെയധികം സാദൃശ്യം തോന്നിക്കുന്ന ജെയിംസിനെ കണ്ട് വീട്ടുകാരും അത്ഭുതപ്പെടുന്നു.

ജെയിംസ് എന്ന വ്യക്തി മുഴുവനായും സുന്ദരമായി മാറിയത് കണ്ട് അദ്ദേഹത്തിന്റെ ഭാര്യയും മകനും കൂടെ വന്ന നാടകസംഘത്തിലുള്ളവരും ഒപ്പം പ്രേക്ഷകരും എന്താണ് നടക്കുന്നതെന്നതിയാതെ ഒരു നിമിഷം ആശ്ചര്യപ്പെട്ടിരിക്കുന്നു.

ഈ പ്രശ്നത്തിന്റെ കാരണം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി രണ്ട് കുടുംബങ്ങളും നടത്തുന്ന പെടാപ്പാടുകളാണ് കഥയുടെ ഇതിവൃത്തം.

ജെയിംസിൽ നിന്ന് സുന്ദരത്തിലേക്കുള്ള മമ്മൂട്ടിയുടെ പകർന്നാട്ടം തന്നെയാണ് ചിത്രത്തിന്റെ പ്രധാന ആകർഷണം. നടപ്പിലും ഭാഷയിലും പോലും ജെയിംസിനെയും സുന്ദരത്തിനെയും കൃത്യമായ വ്യത്യാസത്തോട് കൂടി അവതരിപ്പിച്ചിരിക്കുകയാണ് മമ്മൂട്ടി. ലിജോ സിനിമകളിൽ സാധാരണ കണ്ടുവരുന്ന അസാധാരണ ക്യാമറ ചലനങ്ങളോ, വ്യത്യസ്തമാർന്ന ക്യാമറ ആങ്കിളുകളോ ഈ ചിത്രത്തിലില്ല. രണ്ടു സീനുകളിലൊഴികെ ക്യാമറ ഒന്ന് ചലിക്കുന്നുപോലുമില്ല.

നാടകത്തെ അനുസ്മരിപ്പിക്കും വിധം തേനി ഈശ്വർ ചിത്രത്തിന് വേണ്ടി ഫ്രെയിമുകൾ ഒരുക്കി.

എസ് ഹരീഷിന്റെ തിരക്കഥ തന്നെയാണ് ചിത്രത്തിന്റെ നേടുന്തൂണായി നിന്നത്.

സ്വാഭാവികമായ തമാശകളും, ശക്തമായ സംഭാഷണങ്ങളും തിരക്കഥയ്ക്ക് ബലമായി.

ആദ്യാവസാനം നാടകങ്ങളുടെയും, പഴയ ചിത്രങ്ങളുടെയും പാട്ടുകളും സംഭാഷണങ്ങളും ചിത്രത്തിന്റെ കഥയ്ക്ക് അനുസരിച്ചുതന്നെ ചിട്ടപ്പെടുത്തിയത് വളരെയധികം ഉപയോഗം ചെയ്തു.

എല്ലാത്തിലുമുപരി മമ്മൂട്ടിയെന്ന പ്രതിഭയുടെ അഭിനയമികവ് കൂടിയായപ്പോൾ ചിത്രം പൂർണ്ണതയിലേക്കെത്തി.

പ്രമേയത്തിലും അവതരണത്തിലും വ്യത്യസ്തത പുലർത്തിയ 'നൻപകൽ നേരത്ത് മയക്കം' മികച്ച സിനിമ അനുഭവമായിരുന്നു. ചലച്ചിത്ര മേളയിൽ മികച്ച ചിത്രത്തിനുള്ള ഓഡിയൻസ് പോൾ അവാർഡും ലഭിച്ചിരുന്നു.

## മയക്കത്തെ ചൊല്ലി തർക്കം

നൻപകൽ നേരത്ത് മയക്കം ചിത്രത്തിന്റെ പ്രദർശനവുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര ചലച്ചിത്ര മേളയിലുണ്ടായ പ്രതിഷേധം ഒടുവിൽ സംഘർഷത്തിൽ കലാശിച്ചു.

റിസർവേഷൻ ചെയ്യാതെ എത്തിയ ഡെലിഗേറ്റുകളെ തീയറ്ററിൽ പ്രവേശിപ്പിക്കാതെ വന്നതാണ് പ്രതിഷേധത്തിന്റെ തുടക്കം.

എന്നാൽ മണിക്കൂറുകൾക്കു മുൻപേ തന്നെ രൂപപ്പെട്ട തിരക്കിൽ റിസർവേഷൻ ചെയ്ത ഡെലിഗേറ്റുകൾക്ക് പോലും പ്രവേശനം ലഭിക്കാതായതോടെയാണ് ഇത് സംഘർഷത്തിലേക്ക് കടന്നത്.

തിരക്ക് കണക്കിലെടുത്ത് കൂടുതൽ പ്രദർശനം അനുവദിക്കണമെന്ന് ഡെലിഗേറ്റുകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും സംഘാടകർ ചെവിക്കൊണ്ടില്ല.

പോലീസെത്തി സംഘർഷം ശാന്തമാക്കി ചർച്ച നടത്തിയെങ്കിലും മറ്റു നടപടികൾ ഒന്നും ഉണ്ടായില്ല.

ചിത്രത്തിന്റെ ബാക്കി രണ്ട് പ്രദർശനങ്ങളിലും സമാനമായ തിരക്ക് അനുഭവപ്പെട്ടിരുന്നു.

# ദൃശ്യവിസ്മയം തീർത്ത് അവതാർ; ദ വേ ഓഫ് വാട്ടർ

ജിതിൻരാജ് ആർ.എസ്




സിനിമാ പ്രേമികളുടെ ഒരു ദശാബ്ദത്തിലേറെയായുള്ള കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ടാണ് ജെയിംസ് കാമറൂണിന്റെ അവതാർ 2 ദ വേ ഓഫ് വാട്ടർ ഡിസംബർ 16 ന് ലോകമെമ്പാടുമുള്ള തീയേറ്ററുകളിൽ എത്തിയത്.

ഭൂമിയിൽ നിന്ന് പാൻഡോറ എന്ന ലോകത്തേക്ക് കടന്നുകയറി ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്ന മനുഷ്യരും സ്വന്തം നിലനിൽപ്പിനായി പോരാടുന്ന അവിടുത്തെ തദ്ദേശശീയരായ 'നാവി' വംശവും തമ്മിലുണ്ടാകുന്ന പ്രശ്നങ്ങളാണ് അവതാറിന്റെ പ്രധാന ഇതിവൃത്തം.

മനുഷ്യന്റെ കടന്നുകയറ്റവും അവിടെ സ്ഥാനമുറപ്പിക്കാനുള്ള ശ്രമവുമാണ് ചിത്രത്തിന്റെ ഒന്നാം ഭാഗം പറയുന്നത്.

എന്നാൽ ഭൂമിയിൽ നിന്ന് തന്നെ വന്ന് നാവി വംശവുമായി ചേർന്ന 'ജേയ്ക്ക് സള്ളി'യുടേയും കൂട്ടരുടേയും ആക്രമണത്തിൽ പ്രശ്നക്കാരായ മനുഷ്യർ തിരികെ ഭൂമിയിലേക്ക് തന്നെ പോകുന്നു.

തിരികെ പോയ മനുഷ്യർ പൂർവാധികം ശക്തിയോടെ തിരികെ വന്ന് വീണ്ടും കടന്നുകയറ്റം ആരംഭിക്കുന്നതും തുടർന്നുള്ള സംഭവങ്ങളുമാണ് രണ്ടാം ഭാഗത്തിലുള്ളത്.

ഇവിടെയും ജേയ്ക്ക് സള്ളി തന്നെയാണ് നായകൻ.

എന്നാൽ ജേയ്ക്കും കുടുംബവും തങ്ങളുടെ ആവാസവ്യവസ്ഥ വിട്ട് കടലുമായി ചേർന്ന് ജീവിക്കുന്ന മറ്റൊരു വിഭാഗത്തിനടുത്തേയ്ക്ക് പോകുന്നുണ്ട്. അവിടെയാണ് ബാക്കി കഥ നടക്കുന്നത്.

ആദ്യത്തെ ഭാഗത്ത് അപേക്ഷിച്ച് അനിമേഷൻ, സൗണ്ട് എഫക്ടുകൾ, ഐമാക്സ് ക്വാളിറ്റിയോട് കൂടിയ വിഷ്വലുകൾ തുടങ്ങി വളരെയധികം വ്യത്യസ്തത നിറഞ്ഞ ദൃശ്യാനുഭവം പങ്കുവെക്കുന്ന ഹിറ്റാണ് അവതാർ 2.

ആദ്യ ചിത്രത്തേക്കാൾ അതിമനോഹരമായിട്ടുള്ള ദൃശ്യങ്ങൾ, മികച്ച സാങ്കേതികവിദ്യ എന്നിവ പാൻഡോറ എന്ന മായാലോകത്തെ കൂടുതൽ ഭംഗിയുള്ളതാക്കി മാറ്റാൻ കാമറോണിനെ സഹായിച്ചിട്ടുണ്ട്.

യുദ്ധം, സമാധാനം, 'മനുഷ്യനായിരിക്കുക എന്നതിന്റെ അർത്ഥം' എന്നീ വിഷയങ്ങളാണ് ചിത്രം കൈകാര്യം ചെയ്യുന്നത്.

അഭിനേതാക്കളുടെ മികച്ച പ്രകടനവും പ്രേക്ഷക പ്രശംസ പിടിച്ചു പറ്റി. ചിത്രം ഇതിനോടകം തന്നെ 200 കോടി ക്ലബ്ബിൽ കയറിക്കഴിഞ്ഞു.

# മേളയിൽ കയ്യടി നേടി 'ഏക് ജഗാഹ് അപ്നി'

അഖിൽ ആർ

**തിരുവനന്തപുരം:** ഏക്താരാ കളക്ടീവ് സംവിധാനം ചെയ്ത 'ഏക് ജഗാഹ് അപ്നി' ചിത്രത്തിന് മേളയിൽ മികച്ച സ്വീകരണം.

രണ്ട് ട്രാൻസ്‌വുമൻ വ്യക്തികൾ താമസിക്കാൻ വീട് അന്വേഷിച്ച് നടക്കുമ്പോൾ അവർക്ക് നേരിടുന്ന പ്രശ്നങ്ങളെയാണ് ചിത്രം വരച്ചുകാട്ടിയത്.

സമൂഹത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നേരിടേണ്ടി വരുന്ന അസമത്വങ്ങളെ വളരെ കൃത്യതയോടെ സ്ക്രീനിലെത്തിച്ചതിന് ഈ ചിത്രത്തിന് മികച്ച ചിത്രത്തിനുള്ള എഫ് എഫ് എസ് ഐ കെ ആർ മോഹനൻ അവാർഡും ലഭിച്ചു.

കൂടാതെ ചിത്രത്തിലെ പ്രകടനത്തിന് അഭിനേതാക്കളായ മോനിഷ സോണിക്കും മസ്കാനും പ്രത്യേക ജൂറി പരാമർശവും ലഭിച്ചു.

# മിന്നിത്തിളങ്ങി 'മിന്നൽ മുരളി'

ഗൗരികൃഷ്ണൻ ബി

**സിങ്കപ്പൂർ:** കേരളക്കരയെ ഒന്നാകെ ആവേശം കൊള്ളിച്ചുകൊണ്ട് പുറത്തിറങ്ങിയ ബേസിൽ ജോസഫ് ചിത്രം 'മിന്നൽ മുരളി'യ്ക്ക് അന്താരാഷ്ട്ര പുരസ്കാരത്തിളക്കം.

സിങ്കപ്പൂരിൽ നടന്ന ഏഷ്യൻ അക്കാഡമി ക്രീയേറ്റീവ് 2022ൽ മികച്ച സംവിധാനത്തിനുള്ള അവാർഡാണ് മിന്നൽ മുരളി സ്വന്തമാക്കിയത്. സിങ്കപ്പൂരിൽ നടന്ന ചടങ്ങിൽ സംവിധായകൻ ബേസിൽ ജോസഫ് പുരസ്കാരം ഏറ്റുവാങ്ങി.

ഇത് കൂടാതെ നാലാമത് ഐ. ഡബ്ല്യൂ. എം ഡിജിറ്റൽ അവാർഡിൽ പ്രാദേശിക ഭാഷയിലെ ഫീചർ ഫിലം വിഭാഗത്തിൽ മികച്ച വി. എഫ്. എക്സിനുള്ള പുരസ്കാരവും മിന്നൽ മുരളി സ്വന്തമാക്കി. ഏഷ്യൻ പെസിഫിക് മേഖലയിലെ 16 രാജ്യങ്ങളിൽ നിന്നുള്ള സിനിമകളിൽ നിന്നാണ് മിന്നൽ മുരളിക്ക് ഈ നേട്ടം കൈവരിച്ചത്. പ്രേക്ഷക പ്രീതിയ്ക്കൊപ്പം തന്നെ നിരവധി സംസ്ഥാന ദേശീയ പുരസ്കാരങ്ങളും കൈവരിച്ച ചിത്രമായിരുന്നു മിന്നൽ മുരളി. 52 ാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാര വേളയിൽ മികച്ച വിഷ്വൽ എഫക്ടസ്, സൗണ്ട് മിക്സിങ്, വസ്ത്രലങ്കാരം, ഗായകൻ എന്നി പുരസ്കാരങ്ങളും ചിത്രത്തിന് ലഭിച്ചിരുന്നു.

ഒപ്പം തന്നെ ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് മെൽബണിൽ മികച്ച ചിത്രം, മികച്ച നടൻ എന്നീ വിഭാഗങ്ങളിലേയ്ക്കും ഈ കുഞ്ഞ് സൂപ്പർ ഹീറോ സിനിമ നാമ നിർദേശം ചെയ്യപ്പെട്ടിരുന്നു.

ടോവിനോ തോമസ് നായകനായി എത്തിയ ചിത്രം മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി എന്നീ ഭാഷകളിൽ റിലീസ് ചെയ്തിരുന്നു.



27ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഉദ്ഘാടന വേദി ചിത്രം : യദു എ വി

# വിവാദങ്ങളുടെ മേള, മാറ്റങ്ങളുടേയും

അഖിൽ ആർ

**തിരുവനന്തപുരം:** പ്രതിഷേധങ്ങളും ആരോപണങ്ങളും ബാക്കിയാക്കിയാണ് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ 27 ആം പതിപ്പിന് തിരശ്ശീല വീണത്.

ഇത്തവണത്തെ മേളയ്ക്ക് അതൊരു മങ്ങൽ തന്നെയായിരുന്നു. പരാതിപ്രവഹങ്ങളുടെ പിൻപറ്റിയുണ്ടായ വിവാദങ്ങൾ മേളയ്ക്ക് ശേഷവും സമൂഹമദ്ധ്യത്തിൽ ചർച്ചയ്ക്ക് ഇടയാക്കി. പുതുതായി കൊണ്ടുവന്ന റിസർവേഷൻ പരിഷ്കാരങ്ങളിൽ തുടക്കം മുതൽ തന്നെ ഡെലിഗേറ്റുകൾ അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നതാണ്.

പക്ഷെ ഇത് അവസാന ദിവസം വരെയും ചെവിക്കൊള്ളാൻ സംഘാടകർ കൂട്ടാക്കിയില്ല. മുൻ വർഷങ്ങളിൽ ഒരു ദിവസത്തെ പരമാവധി പ്രദർശനങ്ങളും സമയക്രമം അനുസരിച്ച് റിസർവ് ചെയ്യുവാനുള്ള സൗകര്യം ഉണ്ടായിരുന്നു. എന്നാൽ ഇത്തവണ ഒരു ഡെലിഗേറ്റിന് റിസർവ് ചെയ്യാൻ കഴിയുന്ന പരമാവധി ചിത്രങ്ങളുടെ എണ്ണം മൂന്നായി ചുരുക്കിയിരുന്നു. ഇതും ആദ്യം മുതൽക്ക് തന്നെ അസ്വാരസ്യം ഉണ്ടാക്കിയതാണ്.

നൂറു ശതമാനവും റിസർവേഷനിൽ മാത്രം പ്രവേശനം നൽകു എന്നതുകൊണ്ട് ഒരു ദിവസം മൂന്ന് സിനിമകൾ മാത്രമേ ഒരു ഡെലിഗേറ്റിന് കാണാൻ സാധിച്ചുള്ളു.

അതിനുശേഷം പലരും തിരക്ക് കുറഞ്ഞ ചിത്രങ്ങൾക്ക് റിസർവ് ചെയ്യാത്തവരുടെ ക്യൂവിൽ നിന്ന് സിനിമകൾ കാണുകയാണ് ചെയ്തത്.

ഒരു ദിവസം മൂന്നിൽ കൂടുതൽ സിനിമകൾ കാണാൻ താത്പര്യം ഉണ്ടായിരുന്ന പല ഡെലിഗേറ്റുകൾക്കും ഇഷ്ട സിനിമകൾ നഷ്ടപ്പെടുത്തേണ്ടി വന്നിരുന്നു.

പല സിനിമകൾക്കും കൂടുതൽ സ്ക്രീനിംഗ് നടത്താൻ ആവശ്യപ്പെട്ടിരുന്നെങ്കിലും അത്തരം ആവശ്യങ്ങളൊന്നും സംഘാടകർ വിലയ്ക്കെടുത്തില്ല.

സിനിമ റിസർവ് ചെയ്യുന്ന ഐ എഫ് എഫ് കെയുടെ ആപ്ലിക്കേഷൻ പലപ്പോഴും പണിമുടക്കിയതും വലിയ പ്രശ്നമായിരുന്നു. ബുക്കിംഗ് തുടങ്ങുന്ന എട്ട് മണി സമയത്ത് ഉപയോഗം വർദ്ധിക്കുന്നതോടെ ആപ്പ് നിശ്ചലമാവുകയായിരുന്നു. അതിനാൽ പലർക്കും ആഗ്രഹിച്ച സിനിമകൾക്ക് റിസർവേഷൻ ലഭിക്കാതെ പോയിരുന്നു. ഇത് വ്യാപകമായ പരാതിയുണ്ടാക്കിയെങ്കിലും യാതൊരു വിധ നടപടിയും സ്വീകരിച്ചിരുന്നില്ല.

അതത് ദിവസം ബുക്ക് ചെയ്ത ചിത്രം ക്യാൻസൽ ചെയ്യാനുള്ള സംവിധാനവും ആപ്പിൽ ഉണ്ടായിരുന്നില്ല.

ഇത്തരം പിശകുകൾ ആദ്യ ദിവസങ്ങളിൽ തന്നെ സംഘാടകരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും വേണ്ട നടപടികൾ എടുക്കാതിരുന്നത് വിവാദങ്ങളെ ക്ഷണിച്ചുവരുത്തുകയായിരുന്നു. മേളയിൽ ഏറെ തിരക്കുണ്ടായത് ലിജോ ജോസ് പെല്ലിശേരിയുടെ 'നൻപകൽ നേരത്ത് മയക്ക'ത്തിനാണ്.

നിശ്ചയിച്ചിരുന്ന മൂന്ന് ഷോകളിലും ഗസ്റ്റുകൾക്കായി നൂറുകണക്കിന് സീറ്റുകൾ മാറ്റി വച്ചിരുന്നതായി ആരോപണമുയർന്നിരുന്നു.

അതിനാൽ തന്നെ ചിത്രത്തിന് കൂടുതൽ പ്രദർശനം അനുവദിക്കണം എന്ന ആവശ്യം വ്യാപകമായിരുന്നു.

എന്നാൽ ഇത് ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്ത് കേൾക്കുവാനോ അതിനെപ്പറ്റി കൃത്യമായി മറുപടി നൽകാനോ തയ്യാറായില്ല.

രഞ്ജിത്തിന്റെ ഈ സമീപനം വലിയ പ്രതിഷേധത്തിന് കാരണമാക്കി. മേളയുടെ സമാപനത്തിന് ശേഷവും ഈ പ്രശ്നങ്ങളോടുള്ള അദ്ദേഹത്തിന്റെ മോശമായ പ്രതികരണങ്ങൾ വലിയ വിവാദങ്ങളിലേക്ക് വഴി വച്ചിരുന്നു.

## എം എഫ് തോമസിനെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശിപ്പിച്ച് മലയാളം വിഭാഗം

അശ്വതി എ ആർ

**കാര്യവട്ടം:** പ്രശസ്ത ചലച്ചിത്ര നിരൂപകനും ഫിലിം സൊസൈറ്റി പ്രവർത്തകനുമായ എം എഫ് തോമസിന്റെ ചലച്ചിത്ര ജീവിത ചരിത്രം വിവരിക്കുന്ന 'നല്ല സിനിമയും ഒരു മനുഷ്യനും' എന്ന ഡോക്യുമെന്ററി പ്രദർശിപ്പിച്ച് കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ മലയാളം വിഭാഗം.

ഫിലിം ക്ലബ്ബുമായി ചേർന്നാണ് പ്രദർശനം നടത്തിയത്. പ്രശസ്ത സംവിധായകൻ ആർ ബിജുവാണ് ഡോക്യുമെന്ററി തയ്യാറാക്കിയത്. എം എഫ് തോമസും പ്രദർശനം കാണുന്നതിനായി ക്യാമ്പസിലെത്തിയിരുന്നു. മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോക്ടർ ടി കെ സന്തോഷ് കുമാറാണ് ഡോക്യുമെന്ററിയെ പരിചയപ്പെടുത്തിയത്. എം എഫ് തോമസിന്റെ ജീവിതത്തോടൊപ്പം അര നൂറ്റാണ്ടിലേറെയായി പ്രവർത്തിച്ചു വരുന്ന കേരള ഫിലിം സൊസൈറ്റിയുടെ ചരിത്രം കൂടി ഡോക്യുമെന്ററിയിൽ അവതരിപ്പിക്കുന്നുണ്ട്.

പ്രദർശനത്തിന് ശേഷം എം. എഫ്. തോമസ് വിദ്യാർത്ഥികളുമായി തന്റെ ചലച്ചിത്ര ജീവിതത്തെപ്പറ്റിയും ചലച്ചിത്രം എന്ന മാധ്യമത്തെ പറ്റിയും സംസാരിച്ചു. തുടർന്ന് ചലച്ചിത്രം എന്ന മാധ്യമത്തെ പറ്റി വിദ്യാർത്ഥികളുമായി നടത്തിയ സംവാദത്തിൽ പുതിയകാല ചലച്ചിത്രങ്ങളിൽ പ്രകടമാകുന്ന മാറ്റങ്ങൾ, നായികാനായക സങ്കൽപ്പങ്ങളിൽ ഉണ്ടായ മാറ്റങ്ങ, തുടങ്ങിയ വിഷയങ്ങളെപ്പറ്റിയും ചർച്ചകൾ നടന്നു.





# വർണാഭമായി നിയമസഭാ പുസ്തകോത്സവം

ജിതിൻ എസ് വിജയ്

**തിരുവനന്തപുരം:** സംസ്ഥാന നിയമസഭാ ലൈബ്രറിയുടെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി നിയമസഭയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവം സമാപിച്ചു. ജനുവരി 9 മുതൽ 15 വരെ നീണ്ടുനിന്ന പരിപാടി നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരങ്ങളാണ് പുസ്തകോത്സവത്തിന്റെ ഭാഗമായത്. 1921ൽ ആരംഭിച്ച നിയമസഭാ ലൈബ്രറിയുടെ വാർഷികാഘോഷങ്ങൾക്ക് 2021ൽ മുൻ സ്പീക്കർ എം.ബി രാജേഷ് തുടക്കം കുറിച്ചിരുന്നു. ഈ പുസ്തകോത്സവത്തോടുകൂടി രണ്ടുവർഷം നീണ്ടുനിന്ന വാർഷികാഘോഷങ്ങൾക്കാണ് സമാപനമായത്. മാതൃഭൂമി ബുക്സ്, ഡിസി ബുക്സ്, പെൻഗ്വിൻ ബുക്സ് തുടങ്ങി ഇന്ത്യയിലെ തന്നെ പ്രമുഖരായ 68 പ്രസാധകരാണ് പുസ്തകോത്സവത്തിന് മിഴിവേകിയത്. 123 ഓളം സ്റ്റാളുകളിലായി ഒരുക്കിയിരുന്ന വലിയ പുസ്തകശേഖരം തന്നെയായിരുന്നു പുസ്തകോത്സവത്തിന്റെ പ്രധാന ആകർഷണം.

മലയാളത്തിലെയും ഇംഗ്ലീഷിലെയും എല്ലാ വിജ്ഞാന ശാഖകളെയും സ്പർശിക്കുന്ന തരത്തിലായിരുന്നു ഈ പുസ്തക ശേഖരം. കൂടാതെ നിരവധി കലാപരിപാടികളും സംവാദങ്ങളും മേളയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. എഴുത്തുകാരും ജനപ്രതിനിധികളും ഉൾപ്പെടെയുള്ളവർ ഈ സംവാദങ്ങളുടെ ഭാഗമായി. പൊതുജനങ്ങൾക്ക് നിയമസഭയുടെ ഉൾവശം കാണുവാനും സഭാ നടപടികൾ മനസ്സിലാക്കുവാനുമായി ഗൈഡുകളുടെ സഹായത്തോടുകൂടിയുള്ള പരിപാടികളും സംഘടിപ്പിച്ചിരുന്നു. രാവിലെ 9 മണി മുതൽ രാത്രി 9 മണിവരെയായിരുന്നു പുസ്തകോത്സവത്തിന്റെ സമയക്രമമെങ്കിലും, പുസ്തകങ്ങൾ വാങ്ങുവാനും നിയമസഭാംഗണത്തിൽ ഒരുക്കിയിരുന്ന വൈദ്യുത ദീപാലങ്കാരങ്ങൾ ആസ്വദിക്കുവാനും സെൽഫികളെടുക്കുവാനും രാത്രി വൈകിയും തിരക്കനുഭവപ്പെട്ടു. മേളയുടെ ഭാഗമായി പുസ്തകങ്ങൾക്ക് 20 മുതൽ 30 ശതമാനം വരെ പ്രത്യേക വിലകിഴിവ് നൽകിയതും മേളയുടെ വൻ വിജയത്തിന് കാരണമായിരുന്നു.



# നൂറിന്റെ നിറവിൽ തലയുയർത്തി നിയമസഭാ ഗ്രന്ഥശാല



*നിയമസഭാ ലൈബ്രറിയുടെ ഉൾവശം*

**ജിതിൻ എസ് വിജയ്**

**തിരുവനന്തപുരം:** കേരള നിയമസഭാ രൂപീകൃതമായത് 1956 ലാണെങ്കിലും അതിന് ഏകദേശം മൂന്നു പതിറ്റാണ്ടുകൾക്ക് മുൻപ് തന്നെ നിയമസഭാ ഗ്രന്ഥശാല പ്രവർത്തനം ആരംഭിച്ചിരുന്നു.

ഇന്ന് നൂറിന്റെ നിറവിൽ എത്തി നിൽക്കുന്ന ഈ ഗ്രന്ഥശാല കേരള ചരിത്രത്തിലെ തന്നെ ഒഴിച്ചുകൂടാനാവാത്ത ഒരേടാണ്.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനും മുമ്പ് ആരംഭിച്ച് ഇന്നും സജീവമായി പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാലയ്ക്ക് പറയാൻ കഥകളേറെയാണ്.

തിരുവിതാംകൂറിലെ കൊളോണിയലിസത്തെപ്പറ്റിയും, രാജഭരണ കാലത്തെപ്പറ്റിയും വർത്തമാനകാലത്തെ ജനാധിപത്യ വ്യവസ്ഥിതിയുമൊക്കെപ്പറ്റി ഈ ലൈബ്രറിയ്ക്ക് ഒരുപാട് പറയാനുണ്ട്.

ചരിത്രം അക്ഷരങ്ങളുടെ രൂപമെടുക്കുന്ന അറിവിന്റെ ഉറവ വറ്റാത്ത ഖനിയാണ് നമ്മുടെ നിയമസഭാ ലൈബ്രറി എന്ന് വേണമെങ്കിൽ ആലങ്കാരികമായി പറയാം.സാധാരണ ഗ്രന്ഥശാലകളിൽ നിന്ന് വ്യത്യസ്തമായി ഒരു സ്പെഷ്യൽ ലൈബ്രറിയായിട്ടാണ് നിയമസഭ ലൈബ്രറി പ്രവർത്തിക്കുന്നത്.

ഭരണഘടനാപരമായി പ്രത്യേകതയുള്ള സ്ഥാപനങ്ങൾക്ക് അനുബന്ധമായി പ്രവർത്തിക്കുന്ന ലൈബ്രറികളെയാണ് സ്പെഷ്യൽ ലൈബ്രറികൾ എന്ന് വിളിക്കുന്നത്.

1888 മുതൽ ശ്രീമൂലം പ്രജാസഭയുടെ ഭാഗമായി തിരുവിതാംകൂർ ദിവാന്റെ കാര്യാലയത്തിൽ പ്രവർത്തിച്ചിരുന്ന ഗ്രന്ഥശാലയാണ് പിന്നീട് 1921ൽ തിരുവിതാംകൂർ നിയമസഭാ ഗ്രന്ഥശാലയായി മാറ്റിയത്.

അക്കാലം മുതലുള്ള ഔദ്യോഗിക രേഖകളുടെ ഒരു വലിയ ശേഖരം തന്നെ ഈ ഗ്രന്ഥശാലയിലുണ്ട്.

ശ്രീമൂലം പ്രജാസഭയുടെയും തിരുകൊച്ചി നിയമസഭയുടെയും നിലവിൽ പ്രവർത്തിക്കുന്ന കേരള നിയമസഭയുടെയുമൊക്കെ സഭാ നടപടികളും ജനപ്രതിനിധികളുടെ ഇടപെടലുകളുമൊക്കെ അടങ്ങുന്ന സഭാ രേഖകൾ ഇവിടെ ലഭ്യമാണ്. നിയമസഭാ നടപടികൾക്ക് പുറമെ ഇന്ത്യൻ യൂണിയനിലെ ആദ്യം മുതലുള്ള സെൻസസ് റിപ്പോർട്ടുകളും.

ഐക്യ കേരളത്തിന് മുൻപുള്ള തിരുവിതാംകൂറിന്റെയും തിരുകൊച്ചിയുടെയും മദ്രാസ് പ്രവിശ്യയിൽ ഉൾപ്പെട്ടിരുന്ന മലബാർ മേഖലയുടേയുമൊക്കെ ഭൂപടങ്ങളുടെ അപൂർവ്വ ശേഖരവും ഇവിടെ സംരക്ഷിച്ചുവച്ചിട്ടുണ്ട്.

ജനപ്രതിനിധികൾക്ക് തങ്ങൾക്കനുവദിക്കപ്പെട്ടിട്ടുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ വിഷയാധിഷ്ഠിതമായ പ്രസംഗിക്കുവാനും മണ്ഡലങ്ങളിലെ ആവശ്യങ്ങൾ കാര്യപ്രസക്തിയോടെ അവതരിപ്പിക്കുവാനും നിയമസഭാ ഗ്രന്ഥശാല നൽകുന്ന സഹായം വളരെ വലുതാണ്.

നിയമസഭാ സാമാജിക്കർക്ക് ഒരു റഫറൻസ് ലൈബ്രറി എന്നതിലുപരി തങ്ങൾക്ക് മുന്നേ കടന്നുപോയ നേതാക്കൾ നിയമസഭകളിൽ നടത്തിയ ജനകീയ ഇടപെടലുകളും പ്രവർത്തനങ്ങളും പഠിക്കുന്നതിനുള്ള അവസരം കൂടിയാണ് ഈ ഗ്രന്ഥശാല ഒരുക്കുന്നത്.

അയ്യങ്കാളി ഉൾപ്പെടെയുള്ള മഹാരഥന്മാർ സഭകളിൽ നടത്തിയ പ്രസംഗങ്ങളുടെ രേഖകൾ ഇന്നും ഈ ഗ്രന്ഥശാലയുടെ ഭാഗമാണ്.

2021ൽ നിയമസഭയുടെ നൂറാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് മുൻ സ്പീക്കർ എം. ബി രാജേഷ് പറഞ്ഞത് 'ഈ നൂറാം വാർഷികം അറിവിന്റെ ജനാധിപത്യവൽക്കരണമാണ്' എന്നാണ്.

ഈ വാക്കുകളെ പ്രാവർത്തികമാക്കുവാനുള്ള ശ്രമങ്ങളിലാണ് ഇപ്പോൾ അധികൃതർ.

ഇതുവരെ നിയമസഭാ സാമാജികർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ഗ്രന്ഥശാല പൊതുജനങ്ങൾക്ക് കൂടി തുറന്നുകൊടുക്കുന്നതിനുള്ള നടപടികളിലേക്ക് കടന്നിരിക്കുകയാണ് അവർ.

ആദ്യഘട്ടം എന്ന നിലയിൽ 2022 നവംബർ ഒന്ന് മുതൽ ഡിഗ്രി തലം മുതലുള്ള വിദ്യാർത്ഥികൾക്കായി ലൈബ്രറി ഉപയോഗിക്കുവാനുള്ള അവസരമൊരുക്കിയിരിന്നു.

2000 രൂപ ഡെപ്പോസിറ്റ് തുകയായി നൽകി ഒരാൾക്ക് പരമാവധി നാലു പുസ്തകങ്ങൾ വരെ എടുക്കുവാനുള്ള സൗകര്യം ആണ് നിലവിലുള്ളത്. അടുത്തഘട്ടത്തിൽ പൊതുജനങ്ങൾക്കും പ്രവേശനം അനുവദിക്കുന്നതിനാണ് പദ്ധതിയിടുന്നത്.

എന്നാൽ നിയമസഭാ സമ്മേളനങ്ങൾ നടക്കുന്ന ദിവസങ്ങളിൽ ഇവിടേയ്ക്ക് പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടാകില്ല. തുടക്കത്തിൽ തന്നെ മികച്ച പ്രതികരണമാണ് ഈ ശ്രമങ്ങൾക്ക് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്നത്.

വിവിധ ശാഖകളിലായി 1,15,000 പുസ്തകങ്ങളും 20 പത്രങ്ങളും 150ൽ പരം വാരികകളും മാസികകളുമുള്ള ഒരു ബൃഹത് ഗ്രന്ഥശാലയാണിത്.

ഇന്ത്യൻ പാർലമെന്റിനു ശേഷം കുട്ടികളുടെ ലൈബ്രറി ആദ്യമായി സ്ഥാപിച്ച നിയമസഭ എന്ന വിശേഷണവും കേരള നിയമസഭാ ഗ്രന്ഥശാലയ്ക്കുണ്ട്.

മറ്റ് ഗ്രന്ഥശാലകൾക്ക് മാതൃകയാകുന്ന തരത്തിലുള്ള പ്രവർത്തനമാണ് കേരള നിയമസഭാ ലൈബ്രറി കാഴ്ചവയ്ക്കുന്നത്.

അംഗത്വമുള്ള ഏതൊരാൾക്കും ആവശ്യമുള്ള പുസ്തകങ്ങളുടെ പേരെഴുതി ഏൽപ്പിച്ചാൽ പുസ്തകങ്ങൾ ഇരിപ്പിടങ്ങളിൽ എത്തുന്ന രീതിയിലാണ് ലൈബ്രറി സജ്ജീകരിച്ചിരിക്കുന്നത്. ശ്രീമൂലം പ്രജാസഭയുടെ കാലം മുതലുള്ള എല്ലാ രേഖകളും ഡിജിറ്റൽ രൂപത്തിൽ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാക്കാനും ലൈബ്രറി പരിശ്രമിക്കുന്നു.

സമൂഹത്തിന്റെ പുരോഗതിക്കാവശ്യമായ നിയമങ്ങൾ നിർമ്മിക്കുന്നത് നിയമസഭയിലാണെങ്കിലും നിയമങ്ങൾ തയ്യാറാക്കുന്നതിനും നിയമങ്ങളിലെ പിശകുകൾ ചർച്ച ചെയ്തു തിരുത്തുന്നതിലുമൊക്കെ നിയമസഭാ ഗ്രന്ഥശാലയുടെ പങ്ക് സ്തുത്യർഹമാണ്.

നിയമസഭാ സാമാജികർക്ക് തങ്ങളുടെ ലക്ഷ്യത്തിലേക്ക് നയിക്കുന്ന വഴിവിളക്കായും, ഇനിയും വരാനിരിക്കുന്ന തലമുറകൾക്ക് ചരിത്രത്തിന്റെ ചായം പൂശാത്ത നേർമുഖങ്ങൾ കാട്ടി നൽകുവാനുള്ള ഉത്തരവാദിത്വത്തോട് കൂടിയും ഈ ഗ്രന്ഥശാല മുത്തശ്ശി തലയുയർത്തി നിൽക്കുന്നു.




*നിയമസഭാ ലൈബ്രറിയുടെ പ്രവേശന കവാടം*

## ചരിത്രം കുറിച്ച് കൊല്ലം

**ഗൗരികൃഷ്ണൻ ബി**

**കൊല്ലം :** രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഭരണഘടനാ സാക്ഷരത നേടുന്ന ജില്ലയായി കൊല്ലം.

ജനുവരി 14 ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപനം നടത്തിയതോടെയാണ് ജില്ല ചരിത്രം കുറിച്ചത്.

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ അഡ്മിനിസ്ട്രേഷൻ) യും ജില്ലാ ആസൂത്രണ സമിതിയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിയ 'ദി സിറ്റിസൺ ക്യാമ്പയിന'ിലൂടെയാണ് കൊല്ലം ഈ നേട്ടം കൈവരിച്ചത്.

ജില്ലയിലെ 10 വയസ്സിനു മുകളിലുള്ള എല്ലാവരെയും ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾ പഠിപ്പിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

ചീഫ് എഡിറ്റർ & ഇഷ്യു എഡിറ്റർ : **മാഗി ജെ.**

എഡിറ്റോറിയൽ ബോർഡ് :
**ആരതി രാജൻ**
**ഗൗരികൃഷ്ണൻ ബി.**
**ഷാഫിന എസ്.**
**യദു എ. വി.**

ഡിസൈൻ & ലേഔട്ട് : **യദു എ. വി.**
സ്റ്റുഡന്റ് എഡിറ്റർ : **ആരതി രാജൻ**
ചിത്രങ്ങൾ : **ജിതിൻ എസ്. വിജയ്**
**യദു എ. വി.**

എഡിറ്റോറിയൽ & ഡിസൈൻ അസിസ്റ്റൻസ്
: **രഞ്ജിത്ത് ആർ.**

http://www.dcjku.in/
dcjkerala@gmail.com

# കപ്പുയർത്തി മെസ്സി



ലോകകപ്പിൽ മുത്തമിടുന്ന മെസ്സി

ഷാഫിന എസ്

**ദോഹ:** അക്ഷരാർത്ഥ ത്തിൽ തീപാറുന്ന പോരാട്ടങ്ങൾക്കാണ് ഖത്തറിലെ എട്ട് മൈതാനങ്ങളും സാക്ഷ്യം വഹിച്ചത്. എല്ലാ പോരാട്ടങ്ങൾക്കും ഒടുവിലായി ഒരു ഫോട്ടോ ഫിനിഷിംഗ് ഫൈനലിലൂടെയാണ് ലോക ചാമ്പ്യന്മാരായി അർജന്റീന കപ്പുയർത്തിയത്.

ഒരേ ലക്ഷ്യത്തോടെയാണ് 32 ടീമുകളും ഖത്തർ എന്ന അറബ് രാജ്യത്തെത്തിയത്. എന്നാൽ ഇത്തവണ കപ്പുയർത്താൻ സാധിച്ചത് മെസിയുടെ അർജന്റീനയ്ക്കാണ്.36 വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിലാണ് ലോകകപ്പ് അർജന്റീനനിയൻ മണ്ണിലേക്കെത്തുന്നത്. 1986 ൽ മറഡോണ നയിച്ച ടീമാണ് അവസാനമായി അർജന്റീനക്ക് വേണ്ടി ലോകക്കപ്പ് നേടിയത്.

ആദ്യ കളിയിൽ സൗദി അറേബ്യയുമായുള്ള തോൽവി അർജന്റീന ആരാധകരെ നിരാശപ്പെടുത്തിയെങ്കിലും മുന്നോട്ടുള്ള കളികളിൽ ടീമിന്റെ പ്രകടനം വളരെ മികച്ചതും ആരാധകർക്ക് വീര്യം പകരുന്നതും ആയിരുന്നു.

സെമിഫൈനലിൽ ക്രൊയേഷ്യയെ 3:0 എന്ന ഗോൾ നിലയിൽ പരാജയപ്പെടുത്തിയായിരുന്നു അർജന്റീനയുടെ മുന്നേറ്റം. ഫൈനലിൽ ആദ്യപകുതിയിൽ 2:0 എന്ന ഗോൾനിലയിൽ അർജന്റീന മുന്നിലായിരുന്നു.

എന്നാൽ രണ്ടാം പകുതിയിൽ കിലിയൻ എംബാപ്പെയുടെ രണ്ട് ഗോളുകൾ കളിയെ തന്നെ മാറ്റിമറിച്ചതിനപ്പം അർജന്റീന ആരാധകരുടെ നെഞ്ചിൽ തീ കോരിയിടുകയായിരുന്നു.

സമനിലയിലായ കളി അധിക സമയത്തിലേക്ക് നീണ്ടു. ശേഷവും 3:3 എന്ന സമനില തുടർന്നത് കളിക്ക് ചരിത്രത്തിലെ തന്നെ ഏറ്റവും മികച്ച വേൾഡ് കപ്പ് ഫൈനൽ എന്ന പേര് സമ്മാനിച്ചു.

തുടർന്ന് നടന്ന പെനാലിറ്റി ഷൂട്ടൗട്ടിൽ 4:2 എന്ന ഗോൾ നിലയിൽ 2018ലെ ചാമ്പ്യന്മാരായിരുന്നു ഫ്രാൻസിനെ പരാജയപ്പെടുത്തി അർജന്റീന ചാമ്പ്യന്മാരായി.

ലോക ഫുട്ബോൾ ആരാധകരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുന്ന രീതിയിലായിരുന്നു കളിയുടെ രണ്ടാം പകുതി മുതൽ അങ്ങോട്ട് കണ്ടത്. അർജന്റീന ക്യാപ്റ്റൻ ലയണൽ മെസ്സിയാണ് ഇത്തവണത്തെ ലോകകപ്പിലെ മികച്ച കളിക്കാരനായി തിരഞ്ഞെടുക്കപ്പെട്ടത്.

കൂടാതെ ഗോൾഡൻ ബോൾ എന്ന അംഗീകാരവും മെസ്സിയ്ക്ക് ലഭിച്ചു. മികച്ച ഗോൾകീപ്പർക്കുള്ള ഗോൾഡൻ ഗ്ലവ് അംഗീകാരം അർജന്റീനയുടെ തന്നെ ഗോൾ കീപ്പറായ എമിലിയാനോ മാർട്ടിസ്സിനാണ് ലഭിച്ചത്.

ഏറ്റവും കൂടുതൽ ഗോളുകൾ നേടി ഫ്രഞ്ച് താരം കിലിയൻ എംബാപ്പെ ഗോൾഡൻ ബൂട്ട് എന്ന പുരസ്കാരം സ്വന്തമാക്കി.

## ലോകം ഖത്തറിലേക്ക് ചുരുങ്ങിയ നാളുകൾ

ഫിഫ വേൾഡ്കപ്പിന്റെ ഇരുപത്തിരണ്ടാം പതിപ്പിന് ആതിഥേയത്വം വഹിക്കുക വഴി ഖത്തർ പുതുചരിത്രമാണ് എഴുതിയിരിക്കുന്നത്. ഫിഫ വേൾഡ്കപ്പിന് ആതിഥേയരാകുന്ന ആദ്യ അറബ് രാജ്യമെന്ന നേട്ടമാണ് ഖത്തർ നേടിയെടുത്തത്. വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ 32 ടീമുകളാണ് ഇത്തവണ ഖത്തറിന്റെ മണ്ണിൽ മാറ്റുരച്ചത്. 62 കളികൾക്കിപ്പുറം അർജന്റീനയുടെ സ്വന്തം മിശിഹാ ലോകകപ്പുയർത്തിയതോടെയാണ് ലോകകപ്പിന് പരീസമാപ്തിയായത്. ലോക ഫുട്ബോൾ പ്രേമികളുടെ ആവേശം വാനോളം ഉയർത്തുന്ന രീതിയിലുള്ള പോരാട്ടമായിരുന്നു ഖത്തർ സ്റ്റേഡിയങ്ങളിൽ അരങ്ങേറിയത്. ഖത്തറിലെ അഞ്ച് നഗരങ്ങളിലെ എട്ട് സ്റ്റേഡിയങ്ങളിലായിട്ടായിരുന്നു മത്സരങ്ങൾ നടന്നത്. 2022 നവംബർ 20 ന് തുടങ്ങിയ മത്സരങ്ങൾ ഡിസംബർ 18 നാണ് അവസാനിച്ചത്. കഴിഞ്ഞ ലോകകപ്പിലെ ചാമ്പ്യന്മാരായ ഫ്രാൻസ് ഇത്തവണ റണ്ണറപ്പായപ്പോൾ കപ്പുയർത്തിയത് അർജന്റീനയായിരുന്നു. മൂന്നാമതായി ക്രൊയേഷ്യയും, നാലാമതായി മൊറോക്കയും സ്ഥാനംപിടിച്ചു. 2026 ൽ നടക്കാനിരിക്കുന്ന 23ാം ഫിഫ ലോകകപ്പ് വടക്കേ അമേരിക്കയിലെ മൂന്ന് രാജ്യങ്ങളായ അമേരിക്ക, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങളിലായിട്ടായിരിക്കും നടക്കുക. അടുത്ത ലോകകപ്പിൽ ടീമുകളുടെ എണ്ണം 32 നിന്ന് 48ലേക്ക് ഉയർത്തുമെന്നാണ് ഫിഫ പ്രഖ്യാപിച്ചിരിക്കുന്നത്.

## മൈതാനം നിറഞ്ഞ് തീരാവേശം

അശ്വതി എ ആർ

ഇന്ത്യൻ കായിക ലോകത്തിന് തിരുവനന്തപുരത്തെ തീരപ്രദേശ മേഖല നൽകുന്ന സംഭാവന ചെറുതല്ല. ഫുട്ബോളാണ് ഇവിടെയുള്ളവരുടെ പ്രിയപ്പെട്ട കായികയിനം. തിരമാലകൾക്കൊത്ത് മണലിൽ പന്തുതട്ടിയാണ് ഇവിടത്തെ കുട്ടികൾ ഫുട്ബോൾ ലോകത്തേക്ക് കാലെടുത്തുവയ്ക്കുന്നത്.

ഈ മണലിൽ നിന്നാണ് അവർ കുഞ്ഞ് കുഞ്ഞ് ടർഫുകളിലേക്കും ക്രമേണ വലിയ മൈതാനങ്ങളിലേക്കും എത്തിപ്പെടുന്നത്. ഇന്ത്യൻ കായിക രംഗത്തേക്ക് യുവതലമുറയെ കൈപിടിച്ചുയർത്തുന്നതിൽ ചെറുതും വലുതുമായ നിരവധി കായിക അക്കാദമികൾ വലിയ പങ്കുവഹിക്കുന്നുണ്ട്. തീരദേശ മേഖലയിലും അത്തരം ക്ലബ്ബുകൾ സജീവമാണ്. കോവളം എഫ്.സി, എസ്.ഡി.എഫ്.എ പൂവാർ (പൂവാർ), ഉദയ പാർവതി, എസ് എം ആർ സി(പൊഴിയൂർ) തുടങ്ങിയവ ഇവയിൽ ചിലത് മാത്രം. തീരത്തിന്റെ മണ്ണിൽ പന്ത് തട്ടി പ്രാഥമികതലം പൂർത്തിയാക്കുന്ന യുവതലമുറയെ ഫുട്ബോളിന്റെ പുതിയ അടവുകൾ പരിശീലിപ്പിക്കുന്നത് ഇത്തരം അക്കാദമികളാണ്. പ്രാദേശികമായ ധാരാളം ടൂർണമെന്റുകൾ സംഘടിപ്പിക്കുകയും അതിൽ ഇവരെ പങ്കെടുപ്പിക്കുന്നതും വഴി അവരിലെ കഴിവുകളെ മികവുറ്റതാക്കുന്നുണ്ട്. ഇത് അവരിലെ പ്രതിഭകളെ വാർത്തെടുക്കാൻ വളരെയധികം സഹായകമാണ്.

തീരദേശ മേഖലയിലെ ഇത്തരം ക്ലബ്ബുകളിൽ നിന്ന് ഇതിനോടകം തന്നെ ദേശീയ സംസ്ഥാന ടീമുകളിൽ ഇടം നേടിയവർ ഏറെയാണ്. ആദ്യകാലങ്ങളിൽ ഫുട്ബോളിനും ക്രിക്കറ്റിനും ആണ് കൂടുതൽ പ്രാധാന്യം നൽകിയിരുന്നതെങ്കിൽ ഇന്ന് ബാഡ്മിന്റൺ സ്കേറ്റിംഗ് തുടങ്ങിയ കായികയിനങ്ങൾക്കും സ്വീകാര്യതയും പ്രോത്സാഹനവും ഏറി വരുന്നുണ്ട്.

ഒരു കാലത്ത് ആൺകുട്ടികൾ മാത്രം മുന്നിലേക്ക് വന്നയിടങ്ങളിൽ ഇപ്പോൾ അവർക്കൊപ്പം പെൺകുട്ടികളും മുന്നിലേക്ക് വന്ന് പരിശീലനം നേടുന്നുണ്ട്.

സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾകൊണ്ട് വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കുന്നവർക്കും കായികലോകത്ത് മികവ് തെളിയിക്കുവാനും സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തുവാനും ഇത്തരം ക്ലബ്ബുകൾ അവസരമൊരുക്കുന്നുണ്ട്. പ്രാദേശിക ടൂർണമെന്റുകൾക്ക് സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നൽകുന്ന സാമ്പത്തിക സഹായവും പിന്തുണയും ചെറുതല്ല.

ജീവിതം മെച്ചപ്പെടുത്താൻ വേണ്ടി പ്രവാസം സ്വീകരിക്കേണ്ടി വന്നെങ്കിലും സ്വന്തം നാടിന്റെ കായികഭാവിയിലേക്ക് കരുതൽ നൽകാൻ അവർ മറക്കുന്നില്ല. പരിമിതമായ സൗകര്യങ്ങളിൽ നിന്നുകൊണ്ടാണ് ഇപ്പോൾ കായിക അക്കാദമികൾ താരങ്ങൾക്ക് പരിശീലനം നൽകുന്നത്. കടപ്പുറത്തോട് ചേർന്ന് കിടക്കുന്ന മൈതാനങ്ങളിൽ സെവൻസും നയൻസും കളിച്ചാണ് ഒട്ടുമിക്ക അക്കാദമിയിലെയും കുട്ടികൾ പരിശീലനം നടത്തുന്നത്. തുടരെത്തുടരെ ഉണ്ടാകുന്ന കടലാക്രമണത്തിൽ പലപ്പോഴും മൈതാനത്തിന്റെ ഭാഗങ്ങൾ കടൽ എടുക്കുന്നത് അക്കാദമികൾ നേരിടുന്ന ഒരു വെല്ലുവിളിയാണ്.

# സന്തോഷ് ട്രോഫിയിൽ മിന്നി പൂവാർ

അശ്വതി എ ആർ

**തിരുവനന്തപുരം:** ഒഡീഷയിൽ വച്ച് നടക്കുന്ന 76ാമത് സന്തോഷ് ട്രോഫി അവസാന റൗണ്ട് മത്സരത്തിലേക്ക് യോഗ്യത നേടിയിരിക്കുകയാണ് നിലവിലെ ചാമ്പ്യൻമാരായ കേരള ടീം.

തിരുവനന്തപുരം ജില്ലയിലെ പൂവാറിന് ഇത് ഇരട്ടി മധുരമാണ്. ഈ സീസണിലെ ആദ്യ റൗണ്ടിലെ അഞ്ചു കളികളിലായി ആറ് ഗോളുകൾ നേടിയ നിജോ ഗിൽബേർട്ട് ഉൾപ്പടെ ആകെ മൂന്ന് താരങ്ങളാണ് പൂവാറിന്റെ സംഭാവന. നിജോയെക്കൂടാതെ ജോൺ പോൾ ജോസ്, ബെൽജിൻ ബോസ്റ്റർ എന്നിവരും ഇതേ മണ്ണിൽ നിന്ന് കളത്തിലേക്കെത്തിയവരാണ്. കഴിഞ്ഞ വർഷത്തെ ടൂർണമെന്റിൽ മികച്ച പ്രകടനം കാഴ്ചവച്ച നിജോ ഗിൽബർട്ടാണ് ടീമിനുവേണ്ടി ഇത്തവണത്തെ ആദ്യത്തെ ഗോൾ നേടിയത്.

ജോൺ പോളും ബെൽജിനും ടൂർണമെന്റിൽ തുടക്കക്കാരാണെങ്കിലും മിന്നുന്ന പ്രകടനമാണ് കാഴ്ചവെച്ചത്.ദേശീയ ഗെയിംസ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിലും കേരള പ്രീമിയർ ലീഗിലും കളിച്ച് മികവുതെളിയിച്ച താരമാണ് ജോൺ പോൾ.

ദേശീയ ഇന്റർയൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ ചെന്നൈ എസ്സ്. ആർ. എം യൂണിവേഴ്സിറ്റി ടീമിൽ മിന്നിയ താരമാണ് ബെൽജിൻ. കേരള ഡിസ്ട്രിക്ട് സീനിയർ ബോയ്സ് ടൂർണമെന്റിലൂടെയാണ് ഇവർ മൂവരും സന്തോഷ് ട്രോഫിയിൽ എത്തിപ്പെടുന്നത്.

കഴിഞ്ഞ വർഷവും സന്തോഷ് ട്രോഫിയിൽ പന്തു തട്ടിയ നിജോ ഗിൽബർട്ട്, കഴിഞ്ഞ സീസണിൽ കേരള ബ്ലാസ്റ്റേഴ്സിന് വേണ്ടിയും കളിക്കളത്തിൽ ഇറങ്ങിയിട്ടുണ്ട്. നിലവിൽ നിജോ കെ.എസ്.ഇ.ബിയിലാണ് സേവനം അനുഷ്ഠിക്കുന്നത്.

ബെൽജിൻ ചെന്നൈ എസ്.ആർ.എം യൂണിവേഴ്സിറ്റിയിൽ ഫിസിക്കൽ എജുക്കേഷൻ വിദ്യാർഥിയും ജോൺപോൾ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ബി.എ ഹിസ്റ്ററി വിദ്യാർത്ഥിയുമാണ്. ഇവർ മൂവരും പൂവാർ എസ്.ബി.എഫ്.എ ഫുട്ബോൾ ക്ലബ്ബിൽ നിന്നും പരിശീലനം നേടി വന്നവരാണ്.



ബെൽജിൻ ബോസ്റ്റർ, നിജോ ഗിൽബർട്ട്, ജോൺ പോൾ ജോസ്